

131

# ലിറ്റിൽ മാസിക

2011 സെപ്തംബർ

## ഏണസ്റ്റ് ഷൂമാക്കർ ജന്മ ശതാബ്ദി


വലിയ ഫാക്ടറികൾ, വലിയ പദ്ധതികൾ,

അങ്ങിനെ ഏറ്റവും വലുതാണ് ശ്രേഷ്ഠം

എന്ന തത്വം പടർന്നു പിടിച്ച ആധുനിക ലോകത്ത്

"ചെറുതാണ് സുന്ദരം" എന്ന ആശയം പ്രചരിപ്പിച്ച

ഷൂമാക്കർ ലോകത്ത് ഒരു പുതിയ ദർശനത്തിന് തുടക്കമിട്ടു



ഇഷ്ടമീ കുറുകലുകളും
കുണുങ്ങലുകളും...



ഒരമ്മ മകനയച്ച

കത്തുകൾ




ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

131

ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോന്റ്
ഹാരിസ് നെന്മേനി

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
ലിമാ ക്രിയേറ്റീവ്

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി

കവർ
ആദിത്യൻ

Copy left

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. റഫറൻസോടുകൂടി യഥേഷ്ടം ഉപയോഗിക്കാം

എഡിറ്റോറിയൽ

# ഒരു രൂപയ്ക്ക് അരി കൊടുക്കുമ്പോൾ

രണ്ട് രൂപക്ക് അരി നൽകാമെന്ന് പറഞ്ഞവരെ കടത്തിവെട്ടി ഒടുവിൽ ഒരു രൂപക്ക് ഒരു കിലോ അരി കൊടുക്കുകയാണ് പുതിയകൂട്ടർ. വോട്ട് ബാങ്കിന് വേണ്ടി കർഷകനേയും അദ്ധ്വാനത്തേയും, അന്നത്തേയും അപമാനിക്കാൻ മടിയില്ലാത്ത സർക്കാരിനെ എന്തുപേരിട്ടാണ് വിളിക്കുക. ഭരണക്കാരേ, നിങ്ങൾ മണ്ണിലിറങ്ങിയിട്ടുണ്ടോ? പാടത്തൊരു പിടി വിത്തെങ്കിലും വാരിയെറിഞ്ഞിട്ടുണ്ടോ? വിളഞ്ഞുകിടക്കുന്ന പാടം കൊയ്യാൻ ആളെ അന്വേഷിച്ച് കുറച്ചുദൂരമെങ്കിലും നടന്നിട്ടുണ്ടോ? നിങ്ങളുടെ ഒരു ജോഡി തുണിയിൽ പിടിപ്പിക്കാൻ വേണ്ട കഞ്ഞിപ്പശക്ക് എത്ര അരിവേണമെന്നെങ്കിലും പറയാൻ കഴിയുമോ നിങ്ങൾക്ക്?

*Every bad situation will have something positive.Even a stopped clock is correct two times a day* *-Un Known*

---

# Go Slow

വേഗത എന്നതുതന്നെ ആത്മീയമല്ലാത്തതാണ്. വേഗത എന്ന ആശയം തന്നെ അനാത്മീയമാണ്. ജീവിതത്തിലെ ഓരോ നിമിഷത്തേയും എന്തുകൊ് ആസ്വദിച്ചുകൂടാ? അപ്പോൾ ഓരോ നിമിഷവും സ്വയം ഓരോ ലക്ഷ്യമായിത്തീരും. അപ്പോൾ ഓരോ നിമിഷവും സഹജമായിത്തന്നെ വിലപിടിച്ചതായിത്തീരും. അപ്പോൾ മറ്റൊന്നിനും വേി അതിനെ ബലികൊടുക്കാൻ കഴിയാതാകും. നിങ്ങൾ ഒരു ലക്ഷ്യത്തിനുനേരെ നീങ്ങിക്കൊിരിക്കുമ്പോൾ നിങ്ങൾ ഇരുവശത്തേക്കും നോക്കുന്നില്ല- വൃക്ഷങ്ങളവിടെ നിൽക്കുകയാണ്, അവ നിങ്ങളുടെ ചെറു സ്പർശത്തിനുവേി കാത്തുനിൽക്കുകയാണ്, പക്ഷികൾ പാടിക്കൊിരിക്കുകയാണ്; അവ നിങ്ങൾക്കുവേി ഗാനമാലപിച്ചുകൊിരിക്കുകയാണ്. നിങ്ങളാണെങ്കിൽ ബദ്ധപ്പെട്ടോടുകയാണ് ഇവിടേക്കുമവിടേക്കുമെല്ലാം. പിന്നെ എങ്ങനെയാണ് നിങ്ങൾക്ക് നോക്കാൻ കഴിയുക? നിങ്ങളുടെ നേരെ നോക്കി ചിരിച്ചുകൊിരിക്കുന്ന ഒരു കുട്ടി അവിടെയു്. പക്ഷേ, നിങ്ങളാ അവസരം നഷ്ടപ്പെടുത്തി. ഒരു സ്ത്രീ കരഞ്ഞുകൊിരിക്കുകയായിരുന്നു. നിങ്ങൾക്കവളുടെ കണ്ണീരു കാണാൻ കഴിഞ്ഞില്ല. ഒരു റോസാപുഷ്പമവിടെ വിരിഞ്ഞുനിൽക്കുന്നു്. എന്നാൽ നിങ്ങളത്രയും ധൃതിയിലായിരുന്നു. അതിനാൽ നിങ്ങൾക്കത് കാണാൻ കഴിഞ്ഞില്ല. ശരിയാണ്, നിങ്ങൾക്ക് ജെറ്റിന്റെ വേഗതയിൽ പോകാൻ കഴിയും. എന്നാൽ എവിടേക്കാണ് നിങ്ങൾ പോയ്ക്കൊിരിക്കുന്നത്? നിങ്ങൾക്കാ മുഴുവൻ തീർത്ഥയാത്രയും നഷ്ടമാകും. നിങ്ങളാ തീർത്ഥയാത്ര നഷ്ടപ്പെടുത്തുകയാണെങ്കിൽ പിന്നെ അവിടെ യാതൊരു ലക്ഷ്യവുമില്ല. മറ്റു ലക്ഷ്യമൊന്നും അവിടെയില്ല. ജീവിതം, അതിന്റെ തന്നെ ലക്ഷ്യമാണ്.
-ഓഷോ

## സാധാരണക്കാരുടെ ശബ്ദം

**മനുഷ്യർക്ക് വേണമെങ്കിൽ പഴവർഗ്ഗങ്ങൾ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നുമെല്ലാം കൊുവരാം. എന്നാൽ നാട്ടിലുള്ള വാവലുകൾ എന്തുചെയ്യും? - ചേക്കുട്ടി**

വെളിച്ചെണ്ണയിൽ രു തുള്ളി നല്ലെണ്ണ ചേർത്ത് വറുത്താൽ ഒട്ടും എണ്ണ പിടിക്കില്ല. വില കൂടുമ്പോൾ ഉങ്ങനെ ചില പൊടിക്കൈകൾ കോാണ് പിടിച്ച് നിൽക്കുന്നത്. *- പൊടിയമ്മ*

ഓണക്കാലത്തെ ഓഫറുകൾക്കു മുന്നിൽ ഇത്തവണയും ഞാൻ പിടിച്ചു നിന്നു. സെയിൽസ് ഗേളിന്റെ മൂവായിരം രൂപ കോ് പിടിച്ച് നിൽക്കെ. *-രുഗ്മിണി*

ഇരുപതു വർഷമായി ഗുഡ്സ് ഓട്ടോ ഓടിക്കുന്നു, മുമ്പ് കൃഷിയുൽപ്പന്നങ്ങളായിരുന്നെങ്കിൽ ഇന്ന് കമ്പിയും സിമന്റുമാണ് കുടുതൽ കൊണ്ടുപോകുന്നത്. *- സാജിത് ബാബു*

മൊഴിയാഴങ്ങൾ/ ഷൗക്കത്ത്

## സ്നേഹം പൂർണ്ണമാണെങ്കിൽ ബന്ധനമാവില്ല.

ഞാനും നീയും നിലനിൽക്കുന്നിടത്തോളം സ്നേഹം ബന്ധനം തന്നെയാണ്. ആ ബന്ധനം ജീവിതത്തെ കലുഷമാക്കാതിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. ബന്ധനത്തിൽ വേവലാതി പൂണ്ടാൽ എല്ലാം തകിടം മറിയുകയേയുള്ളൂ. അത്യപൂർവ്വമായി ചിലർക്കെങ്കിലും സ്നേഹം ബന്ധനമാകാറില്ല. അവരിൽ സ്നേഹബന്ധമേ സംഭവിക്കുന്നുള്ളൂ. അവർ ഏവരെയും സ്നേഹിക്കുകയല്ല ചെയ്യുന്നത്. സ്വയം സ്നേഹമായിരിക്കുകയാണ്. ആഗ്രഹങ്ങളുടെ നൂലാമാലകളോടെ ഇടപെടുമ്പോഴാണ് സ്നേഹബന്ധം സ്നേഹബന്ധനമാകുന്നത്. ബുദ്ധനെയും രമണമഹർഷിയെയും ക്രിസ്തുവിനെപ്പോലെയുമുള്ളവരിൽ ബന്ധനമുക്തമായ സ്നേഹത്തിന്റെ അലയൊലികൾ ദർശിക്കാൻ കഴിയും. അതവർ ഏതെങ്കിലും തരത്തിലുള്ള സാധനയിലൂടെ ആർജ്ജിച്ചതല്ല; ജന്മസിദ്ധമായ സവിശേഷതയായിരുന്നു.

---


*ധ്യാനം*

## ജോലി ചെയ്യുന്നതുകൊണ്ട് ഞാനുണ്ട്

ബോബി ജോസ് കട്ടികാട്

***ലിങ്കൺ സെനറ്റിൽ പ്രസംഗിക്കുകയാണ്. അതിനിടയിൽ ഒരാൾ തന്റെ ഷൂ ഉയർത്തിക്കാട്ടി ഇങ്ങനെ വിളിച്ചു പറഞ്ഞു. "താങ്കളുടെ പിതാവ് കുത്തിയ ചെരുപ്പാണ്. അദ്ദേഹം ഇപ്പോഴുമുണ്ടോ..?" ലിങ്കൺ നിശ്ശബ്ദനായി. കൺകോണുകൾ നിറഞ്ഞൊഴുകി. എന്റെ പിതാവ് പൂർണ്ണാർപ്പണമുള്ള ഒരു ചെരുപ്പുകുത്തിയായിരുന്നു. അത്രയും പൂർണ്ണമായി ഒന്നിലും മുഴുകാനാവാത്ത ഒരു സാധാരണ മനുഷ്യനാണ് ഞാൻ. ആ ചെരുപ്പ് ഞാൻ ഒന്ന് കണ്ടോട്ടെ സ്നേഹിതാ...***

ഒരാളുടെ ഏറ്റവും നല്ലത് പുറത്തുവരാനുണ്ട് എന്ന് ഓർമ്മപ്പെടുത്തലാണ് ആത്മീയത. ഈ ഏറ്റവും നല്ലത് പുറത്തുവരുന്നത് തൊഴിൽ എന്ന മാധ്യമത്തിലൂടെയാണ്. ഏകാന്തതയെന്ന കഠിനമായ തലവരയെ മായ്ക്കേണ്ടത് പലപ്പോഴും ഈ തൊഴിലിലൂടെ തന്നെയാണ്. സ്വന്തം ശൂന്യതയെ സൃഷ്ടിയുടെ വിയർപ്പുകൊണ്ട് ഒരാൾ പ്രതിരോധിക്കേണ്ടിയിരിക്കുന്നു. യെനസ്കോയുടെ ടെനന്റ് എന്ന അബ്സ്ട്രാക്റ്റ് നാടകം ആരംഭിക്കുമ്പോൾ അരങ്ങു ശൂന്യമാണ്. പിന്നെ ഓരോരോ സാധനങ്ങൾ കൊണ്ട് അതിലെ ഒരേയൊരു കഥാപാത്രം തന്റെ ശൂന്യതയും ഏകാന്തതയും നേരിടുകയാണ്. അരങ്ങു നിറയുമ്പോൾ അയാളതിനും മദ്ധ്യേ വിശ്രമിക്കാനാഞ്ഞ് ഇങ്ങനെ പറയും: "ഇപ്പോൾ എന്തൊരു സു:ഖമാണ്." കഠിന വിഷാദത്തിലേക്ക് ചാഞ്ഞുപോകുന്നവർക്ക് മന:ശാസ്ത്രം നിർദേശിക്കുന്ന തെറാപ്പിയിൽ ഒന്നാണ് തൊഴിൽ. റിട്ടയർമെന്റ് ജീവിതത്തിന്റെ ഗതികളെ സാരമായി ഉലയ്ക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ. അതിനു മുമ്പ് വരെ സ്വന്തം കഠിനാദ്ധ്വാനങ്ങളെ കുറിച്ച് നമുക്ക് എന്തൊരു പതംപറച്ചിലായിരുന്നു. എന്നാൽ ഇപ്പോൾ പൂർണ്ണ വിശ്രമത്തിനുള്ള ഊഴം കിട്ടുമ്പോൾ അത് സ്വസ്ഥതപ്പെടുത്തുന്നില്ല. ഒരാളുടെ അസ്തിത്വത്തെ പലതുമായി ബന്ധപ്പെടുത്തി വായിക്കുന്ന രീതി തത്വശാസ്ത്രത്തിലുണ്ട്. ഞാൻ ചിന്തിക്കുന്നതുകൊണ്ട് ഞാനുണ്ട് എന്ന മട്ടിൽ (I think therefore I am). ഞാൻ ജോലി ചെയ്യുന്നതുകൊണ്ട് ഞാനുണ്ട് എന്നൊരു സമവാക്യവുമാകാം.



## മഹത്വത്തിന്റെ മുദ്രകൾ

കെ. ഇ. എൻ. കുഞ്ഞഹമ്മദ്

**ഒരു വ്യക്തിയിൽ നിന്ന് 'എല്ലാം' സ്വീകരിക്കുന്നതിന് പകരം സർവ്വരിലുമായി ചിതറികിടക്കുന്ന നൻമകളെ മുഴുവൻ സ്വന്തമായ രീതിയിൽ സ്വീകരിക്കുവാനുള്ള കരുത്താണ് ഇന്നു നാം വികസിപ്പിക്കേണ്ടത്.**

*വല കാരണങ്ങളാൽ കല്ല്യാണങ്ങളിൽ പൊതുവെ പങ്കെടുക്കാറെ ഇല്ലാത്ത എനിക്ക് കിട്ടിയ ഒരു വേറിട്ട കല്ല്യാണക്കത്ത് വായിച്ചപ്പോൾ ഉണ്ടായത് ആഹ്ളാദമാണ്. അസ്വസ്ഥതകൾ അധികവും ആഹ്ളാദം കുറവുമായ ഒരു കാലത്ത്, ഇത്തരം ആഹ്ളാദങ്ങൾ പോലും ആഘോഷിക്കപ്പെടേണ്ടതുണ്ട്. ഒരു കല്ല്യാണക്കത്ത്, ഒരു സാംസ്ക്കാരികവിശകലനകുറിപ്പിൽ അപ്പടി ഞാൻ എടുത്ത് ചേർക്കുന്നത് ആദ്യമായാണ്.*

*'സുഹൃത്തേ', ഞങ്ങളുടെ മകൾ മഞ്ജുവിന്റെ വിവാഹം, 2011 സെപ്തംബർ 6 ന് വൈകുന്നേരം നാല് മണിക്ക്, തൃത്താല ലുലു ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നു.... മതനിരപേക്ഷം, ജാതിരഹിതം, സ്ത്രീധന രഹിതം, സ്വർണ്ണരഹിതം. വരൂ. നാരായണ ദാസ് (ഒപ്പ്) (അടിവര ചേർത്തത്) ചിലർ ചോദിക്കുന്നത് കേട്ടിട്ടുണ്ട്. 'മാതൃകകൾ 'എവിടെ? അവർ ആദ്യം മനസ്സിലാക്കേണ്ടത് ഭൂതകാലത്തിൽ നിന്നും മാത്രം പകർത്തേണ്ട ഒന്നല്ല, മാതൃകയെന്നാണ്. മറ്റെന്തുമെന്നപോലെ മാതൃകകളും സ്വന്തമായ രീതിയിൽ വളരുകയാണ്. ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്ന് 'എല്ലാം' സ്വീകരിക്കുന്നതിന് പകരം സർവ്വരിലുമായി ചിതറികിടക്കുന്ന നൻമകളെ മുഴുവൻ സ്വന്തമായ രീതിയിൽ സ്വീകരിക്കുവാനുള്ള കരുത്താണ് ഇന്നു നാം വികസിപ്പിക്കേണ്ടത്.*

*മഹത്വത്തിന്റെ മുദ്ര സർവ്വ മനുഷ്യരിലുമുണ്ട്. ഒരു മിന്നൽ പോലെ എപ്പോഴെങ്കിലും കടന്നുപോകുന്ന ആദർശവെളിച്ചങ്ങളൊന്നും അനാഥമായി പോവാതിരിക്കാനുള്ള 'ജാഗ്രത'യാണ് അതിനാൽ മനുഷ്യരായ മനുഷ്യർ ഒക്കെയും ജ്വലിപ്പിച്ച് നിർത്തേണ്ടത്.*

(വാരാദ്യ മാധ്യമം)

റിയാദ് കത്ത്

# ഇഷ്ടമീ കുറുകലുകളും കുണുങ്ങലുകളും...

ഹസ്സൻ മമ്പാട്

**ബംഗ്ലാദേശ് സ്വദേശിയായ മുഹമ്മദ് ഷഫീക്കിനെ 200-250 ഓളം പ്രാവുകൾ ഇപ്പോൾ ദിവസവും അന്നദാതാവായി വരിച്ചുകളഞ്ഞു..... അപൂർവ്വമായ ഒരു പക്ഷി പ്രേമത്തിന്റെ കഥ....**



ഫോട്ടോ- ഹസ്സൻ മമ്പാട്

ബംഗ്ലാദേശ് സ്വദേശിയായ മുഹമ്മദ് ഷഫീക്കിന് പ്രാവുകളോടുള്ള ഇഷ്ടം തുടങ്ങിയിട്ട് നാലുവർഷം പിന്നിടുന്നു. അറേബ്യൻ നാടുകളിൽ പ്രാവുകളും പൂച്ചകളും നമ്മുടെ നാട്ടിൽ കാക്കകളെ കാണുന്ന പോലെ എവിടെയും കാണാം. സൗദി അറേബ്യയിലെ റിയാദ് നഗരത്തിലെ ബത്ത്ഹയിൽ സാധാരണക്കാരുടെ കച്ചവടവും താമസവും ഉള്ള സ്ഥലം. അവിടെയാണ് ഷഫീക്കിന്റെ കർമ്മമേഖല. അമീർ ബൈത്തിലെ (സൗദി രാജകുടുംബ പരമ്പരയിൽപ്പെടുന്ന) ക്ലീനിംഗ് ജോലികൾക്കിടയിൽ ഷഫീഖ് പൊതുസ്ഥലത്തെ പ്രാവുകളോട് ഇഷ്ടം പങ്കിടാൻ സമയം കണ്ടെത്തുന്നു.

പൊതുസ്ഥലത്ത് വേസ്റ്റ് ഡ്രമ്മിൽ 'ഖുബ്ബൂസ്' (ചപ്പാത്തി പോലെയുള്ള അറേബ്യൻ റൊട്ടി) ബാക്കി വരുന്നത് ആവശ്യമുള്ളവർക്ക് എടുക്കാൻ വേണ്ടി കവറിലാക്കി കെട്ടിത്തൂക്കി വെയ്ക്കുന്നത് ഇവിടത്തെ ഒരു സാധാരണ കാഴ്ചയാണ്. അന്നത്തോട് നാം കാണിക്കുന്ന ആദരവ് പോലെ അറബികൾക്ക് 'ഖുബ്ബൂസി'നോട് ഒരു പ്രത്യേക ആദരവുണ്ട്. ഖുബ്ബൂസ് പാഴാക്കിക്കളയരുതെന്ന് നിഷ്ഠ വെച്ചുപുലർത്തുന്നവരാണ് അറബികൾ.

ഫാമുകളിൽ വളർത്തുന്ന ആടുകൾക്ക് കൊടുക്കാനായി ഇത് വേസ്റ്റ് ഡ്രമ്മിൽ നിന്ന് ശേഖരിച്ചു കൊണ്ടുപോകാറുണ്ട്. ഇതിനും പുറമെ പ്രവാസികളിലെ അരപ്പട്ടിണിക്കാരും മുഴുപ്പട്ടിണിക്കാരും ആരും കാണാതെ ഇതു ശേഖരിച്ച് വിശപ്പടക്കാറുണ്ട്.

ഷഫീഖ് വേസ്റ്റ് ഡ്രമ്മുകളിൽ നിന്ന് 'ഖുബ്ബൂസ്' ശേഖരിക്കുന്നത് പ്രാവുകൾക്ക് ആഹാരമൊരുക്കാനാണ്. പതിവായി സൈക്കിളിൽ ഊരുചുറ്റി ധാന്യക്കടകളിൽ തൂകിപ്പോവുന്ന ധാന്യമണികളും റൊട്ടിക്കടകളിലെ ബാക്കി വരുന്ന തുണ്ടുകളും ശേഖരിച്ച് ഖുബ്ബൂസും ചേർത്ത് തീറ്റയൊരുക്കുന്നത് പ്രാവുകളോടുള്ള ഇഷ്ടം കൊണ്ടാണ്. ശേഖരിച്ച് കിട്ടുന്നവയെല്ലാം ചേർത്ത് പൊടിച്ചെടുത്ത് ആവശ്യത്തിന് വെള്ളം ചേർത്ത് കുതിർത്താണ് പ്രാവുകളുടെ തീറ്റ തയ്യാറാക്കുന്നത്. ദിവസവും രാവിലെ ഒമ്പതിനും പത്തിനുമിടയിലും ഉച്ചയ്ക്ക് 3.30 നും 4.30 നും ഇടയിലും കൃത്യമായി തീറ്റകൊടുക്കാൻ ഷഫീഖ് എത്തിച്ചേരുന്നു. ഷഫീഖിനെ കാണുമ്പോൾ തന്നെ അങ്ങിങ്ങായി ഇരിക്കുന്ന പ്രാവുകൾ കൂട്ടത്തോടെ പറന്നെത്തും. ഇവയുടെ വട്ടമിട്ട് ചുറ്റിപ്പറ്റി കലപില കൂട്ടലും ചിറകടിയുമെല്ലാം ഷഫീഖ് ആസ്വദിക്കുന്നു.

ആദ്യമൊക്കെ പ്രാവുകളുടെ അംഗബലം അമ്പതിനോടടുത്തേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അവയുടെ എണ്ണം കൂടി. 200-250 ഓളം പ്രാവുകൾ ഇപ്പോൾ ദിവസവും ഷഫീഖിനെ അന്നദാതാവായി വരിച്ചുകളഞ്ഞു. ശേഖരിച്ചുണ്ടാക്കുന്ന ഭക്ഷണശേഖരം മതിയാവാതെ വരുന്നതുകൊണ്ട് സ്വന്തം കീശയിൽ നിന്ന് 25 റിയാലോളം കൊടുത്ത് ധാന്യവും റൊട്ടിയും വാങ്ങേണ്ടിവരുന്നതായി ഷഫീഖ് പറഞ്ഞു. എന്നാൽ ഈ പറവസ്നേഹിക്ക് അതിലൊട്ടു പരിഭവവുമില്ല.

ഈയടുത്ത് ഒരുദിവസം ഉച്ചയ്ക്കുശേഷം പ്രാവിൻകൂട്ടങ്ങൾക്ക് തീറ്റകൊടുക്കുകയായിരുന്നു ഷഫീഖ്. പ്രാവുകളോടുള്ള പ്രണയ സല്ലാപങ്ങൾക്കിടയിൽ പ്രാർത്ഥനാസമയമായത് അയാളറിഞ്ഞില്ല. മതകാര്യ പോലീസ് (മുതവ) ഇതുകണ്ട് ഷഫീഖിനെ പിടികൂടി. പിന്നീട് ഇദ്ദേഹത്തിന്റെ ആത്മാർത്ഥമായ ഈ ശ്രമത്തിന്റെ പൊരുളറിഞ്ഞ പോലീസ് ഉപദേശങ്ങൾ നൽകി വെറുതെ വിട്ടു.

രണ്ടുവർഷം കൂടുമ്പോൾ നാട്ടിലേക്ക് ലീവിൽ പോകുമ്പോൾ തന്റെ അരുമകളെ വിട്ടുപിരിയാൻ ഇയാൾ ഏറെ വിഷമം അനുഭവിക്കുന്നു. മനസ്സില്ലാ മനസ്സോടെ ബത്ത്ഹയിൽ തന്നെയുള്ള തന്റെ സഹോദരനെ കാശുകൊടുത്ത് പ്രാവിൻ കൂട്ടങ്ങളുടെ ചുമതലകൾ ഏൽപിച്ചാണ് ഷഫീഖ് നാട്ടിലേക്ക് യാത്രയാവുന്നത്.



ന്യൂ മീഡിയ

## എസ്. എം. എസ്.ചിന്തകൾ

1.ഓണം ഓർമ്മിപ്പിക്കുന്നു.... ഭൂമി നഷ്ടമായാൽ ഏതു മാവേലിയും പാതാളത്തിലാകും. നമ്മുടെ മണ്ണ്, വെള്ളം, കൃഷി, വഴികൾ... എല്ലാം അപഹരിക്കപ്പെടുന്നു....അയച്ചു തന്നത്-റോബിൻ,സിന്ധു

2.Most of the time we keep running behind peoplewho least care about us. For a change stope, turn around and care for those running behind us!

*.അയച്ചു തന്നത്-റോബിൻ,സിന്ധു*

ലണ്ടൻ കത്ത്

# ലണ്ടനിലെ കാൽനടക്കാരും പോസ്റ്റോഫീസും




അഡ്വ.കെ.എം. ഷമീർ

**ലണ്ടനിലെ പോസ്റ്റോഫീസുകൾക്ക് മുമ്പിലെ ക്യൂവും ജനത്തിരക്കും അമ്പരപ്പിക്കുന്നതാണ്.**

ലണ്ടൻ തെരുവുകളിലൂടെ നടക്കുമ്പോൾ വല്ലാത്ത സുരക്ഷിതത്വബോധമാണ് തോന്നുക. പ്രത്യേകിച്ച് കേരളത്തിലെ തെരുവുകൾ പരിചയിച്ച ഒരാൾക്ക്. എവിടെയും വിശാലമായ ഫുട്ട് പാത്തുകളാണ് അവിടെ. ഏത് തിരക്കിലും കാൽനടക്കാർക്ക് ഏത് സ്ഥലത്തും എപ്പോൾ വേണമെങ്കിലും റോഡ് മുറിച്ച് കടക്കാൻ പ്രയാസമില്ല. അവിടവിടെയായി സ്ഥാപിച്ചിരിക്കുന്ന പ്രത്യേക ബട്ടണുകളിൽ വിരലമർത്തിയാൽ മതി കാൽനടക്കാർക്കുവേണ്ടിയുള്ള സിഗ്നലൈറ്റുകൾ തെളിയും. അതോടെ വാഹനങ്ങൾ നിർത്തുകയോ വേഗതകുറക്കുകയോ ചെയ്ത് കാൽനടക്കാരനെ റോഡ് ക്രോസ് ചെയ്യുവാൻ അനുവദിക്കും. പ്രത്യേക ബട്ടണുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഇടങ്ങളിലാണെങ്കിലും കാൽനടക്കാരന് വേണമെങ്കിൽ റോഡ് മുറിച്ചു കടക്കാം. റോഡ് ക്രോസ് ചെയ്യുന്ന കാൽനടക്കാരനെ നോക്കി വാഹനത്തിൽ തല പുറത്തേയ്ക്ക് ഇട്ട് അസഭ്യവർഷം ചൊരിയുകയോ അപമാനിക്കുകയോ ചെയ്യുന്ന പതിവ് അവിടില്ല. അപ്രതീക്ഷിതമായി ഒരു വാഹനത്തിന്റെ മുൻപിൽ വന്നുപെടുന്ന കാൽനടക്കാരനോട് സഹാനുഭൂതിയോടെ പെരുമാറുന്ന വാഹനക്കാരനെ കണ്ട് അന്തിച്ചുപോയി. റോഡിൽ വാഹനത്തിന് നേരെ പ്രയാസപ്പെട്ട് നടന്നുവരുന്ന വയോധികനായ യാത്രക്കാരന് സാവധാനം കൈയ്ക്ക് പിടിച്ച് വണ്ടിയിലേക്ക് ആനയിക്കുന്ന ബസ്സുകാരെ കണ്ട് വാപൊളിച്ചു പോകും. റോഡിൽ എന്താവശ്യത്തിനും കാൽനടക്കാരനെ സഹായിക്കാൻ സദാസന്നദ്ധരായി ട്രാഫിക്ക് പോലീസുമുണ്ട്. എല്ലായിടത്തും സൈക്കിൾ യാത്രക്കാർക്കുള്ള പ്രത്യേക പാതകൾ തന്നെയുണ്ട്. തിരക്ക് പിടിച്ച് പായുന്ന മത്സരയോട്ടക്കാരെ പേടിക്കാതെ കാൽനടക്കാരന് നടക്കാം. വാഹനം തട്ടി കാൽനടക്കാർക്ക് അപായം സംഭവിക്കുന്നത് ഇവിടെ അപൂർവ്വം.

## പോസ്റ്റോഫീസിലെ ക്യൂ

ലണ്ടനിലെ പോസ്റ്റോഫീസുകൾക്ക് മുമ്പിലെ ക്യൂവും ജനത്തിരക്കും അമ്പരപ്പിക്കുന്നതാണ്. കെട്ട് കണക്കിന് കത്തുകളുമായി ഇവിടെ ജനങ്ങൾ പോസ്റ്റോഫീസിന് മുമ്പിൽ സദാ തിക്കിതിരക്കുകയാണ്. ഇവിടെ ഇലക്ട്രോണിക്ക് മെയിലിന്റെ ഈ കാലത്തും കത്തെഴുത്ത് ഇനിയും ഉപേക്ഷിക്കപ്പെട്ടിട്ടില്ല. കുശലം, ആശംസ, വ്യാപാരം, സർക്കാർ കാര്യം തുടങ്ങി എല്ലാ മേഖലകളിലും കത്തുകൾ വിപുലമായി ഉപയോഗിക്കപ്പെടുന്നു. ഇതെഴുതുന്ന ആളിനുതന്നെ ദിനംപ്രതി ആശംസയായും ബിസിനസ്സ് സന്ദേശങ്ങളായും നിരവധി കത്തുകൾ ലഭിക്കുന്നുണ്ട്. ഇവിടുത്തെ വ്യാപാരസ്ഥാപനങ്ങൾ ഈ മെയിലിനേക്കാളും പ്രാധാന്യം തപാൽ കത്തുകൾക്ക് നൽകുന്നുണ്ട്.


---

*പ്രചോദനം*

# ഏണസ്റ്റ് ഷൂമാക്കർ

## ജന്മശതാബ്ദി

1911–2011



*1973-ൽ മാസ്റ്റർ പീസായ 'സ്മോൾ ഈസ് ബ്യൂട്ടിഫുൾ' പ്രസിദ്ധീകരിച്ചു.*

വലിയ ഫാക്ടറികൾ, വലിയ കാറുകൾ, വലിയ സൂപ്പർ മാർക്കറ്റുകൾ.... അങ്ങനെ ഏറ്റവും വലുതാണ് മെച്ചം എന്ന തത്വം പടർന്നുപിടിച്ച ആധുനിക ലോകത്ത് ചെറുതാണ് സുന്ദരം എന്ന ആശയം പ്രചരിപ്പിക്കുകയായിരുന്നു ഷൂമാക്കർ ചെയ്തത്. 1911-ൽ ജർമ്മനിയിലെ ബോണിൽ ജനിച്ച ഇദ്ദേഹം പ്രശസ്തമായ ഇംഗ്ലണ്ടിലെ ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദം നേടി.

1955-ൽ മ്യാൻമറിൽ സാമ്പത്തിക ഉപദേഷ്ടാവായിരുന്നു. ഇക്കോളജിക്കൽ ഇക്കണോമിസ്റ്റ് എന്നറിയപ്പെട്ടു.

ബദൽ സാങ്കേതികവിദ്യ, ബുദ്ധിസ്റ്റ്, ഇക്കണോമിക്സ് തുടങ്ങിയ ആശയങ്ങൾ ഉയർത്തിക്കൊണ്ട് പ്രകൃത്യനുകൂലവും പരിസ്ഥിതി സൗഹൃദവുമായവരുടെ വികസന പ്രത്യയശാസ്ത്രം അവതരിപ്പിച്ചു. ചെറിയ വിദ്യാലയങ്ങൾ, ചെറിയ ആശുപത്രികൾ തുടങ്ങിയ ആശയങ്ങളായിരുന്നു അദ്ദേഹത്തിന്റേത്.

ഓസ്ട്രിയൻ തത്വചിന്തകനായ ലിയോപോൾഡ് കോറിന്റെ ആശയങ്ങളാണ് ഷൂമാക്കറിനെ സ്വാധീനിച്ചത്.

1973-ൽ 'സ്മോൾ ഈസ് ബ്യൂട്ടിഫുൾ' പ്രസിദ്ധീകരിച്ചു. 'ബ്രേക്ക്ഡൗൺ നേഷൻസ്', 'എ ഗൈഡ് ഫോർ ദി പെർപ്ലെക്സ്ഡ്' (കുഴങ്ങി നിൽക്കുന്നവർക്ക് ഒരു വഴികാട്ടി), 'ഗുഡ് വർക്ക്', 'ദിസ് ഐ ബിലീവ്' എന്നിവയാണ് പുസ്തകങ്ങൾ.

1977 സെപ്റ്റംബറിൽ സ്വിറ്റ്സർലൻഡിൽ വെച്ച് അന്തരിച്ചു. *–ലിറ്റിൽ മാസിക 2005 നവംബർ*




വായന

**മണ്ണിനെയും മനുഷ്യനെയുംകുറിച്ചുള്ള പുതിയപാഠങ്ങളിലൂടെ- അപരിഷ്കൃത ഗ്രാമീണപെൺകുട്ടി പരിഷ്കാരിയും അധീശമനോഭാവമുള്ളവുനുമായ നായകനെ-യൂറോപ്പിനെ-തിരുത്തി പുതിയ ജീവന്റെ പാഠങ്ങൾ അഭ്യസിപ്പിക്കുന്ന വാൾട്ട് ഡിസ്നിയുടെ പോകഹോണ്ടസ് എന്ന ബാല നോവലിന്റെ വായന.**

# ഒരു ബാല നോവൽ യൂറോപ്പിനെ തിരുത്തുന്നു

മമ്മദ് മൊണ്ടാഷ്

വാൾട്ട് ഡിസ്നിയുടെ വൈറ നോവൽ സീരീസിലെ(Wira Novel series) പോകഹോണ്ടസ് എന്ന ബാല നോവൽ പ്രദാനം ചെയ്യുന്നത്.കെട്ടിലും മട്ടിലും ബാലസാഹിത്യത്തിന്റെ ബ്രാൻഡിൽ വരുന്നുവെങ്കിലും ഉള്ളടക്കത്തിന്റെ കരുത്ത് ഇവയെ മറികടക്കുന്നുണ്ട്. വാൾട്ട്ഡിസ്നിയുടെ ഇതേ പേരിൽ തന്നെയുള്ള ആനിമേഷൻ ചിത്രത്തിന്റെ നോവൽ രൂപമാണിത്. സിനിമയിൽ നിന്നും നോവലിലേക്ക് എന്ന നമ്മുടെ കാലത്തിന്റെ മുദ്ര ഭംഗിയായി ഉൾക്കൊള്ളുന്നു, ഈ നോവൽ. ജിനഇംങ്ഗോഗ്ലിയ (Gina Ingoglia)ആണ് നോവൽ രൂപംരചിച്ചിട്ടുള്ളത്.

പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തിരക്കുള്ള ലണ്ടൻ നഗരത്തിലെ പ്രധാന തുറമുഖങ്ങളിലൊന്നിലാണ് നോവൽ ആരംഭിക്കുന്നത്. വർഷം 1607: ലോകം കീഴടക്കാനായി യൂറോപ്യൻ സാമ്രാജ്യത്വം കടൽ അടക്കി ഭരിച്ചകാലം. സൂസൻ കോൺസ്റ്റന്റ് എന്ന കപ്പൽ സാഹസികരായ ഏതാനും ഇംഗ്ലീഷുകാരേയുമായി യാത്ര തിരിക്കുന്നു. ലക്ഷ്യമിടുന്നത് നവലോകത്തിലെ (New World) വെർജിനിയ. ഉദ്ദേശ്യം - സ്വർണ്ണവും സ്വാതന്ത്ര്യവും സമ്പത്തും.

കപ്പലിന്റെ കേപ്റ്റനായി വരുന്നത് ജോൺ സ്മിത്ത് എന്ന പരിചയസമ്പന്നൻ. ഇദ്ദേഹത്തെകൂടാതെ തദ്ദേശീയരെ തോൽപ്പിക്കാനാ വില്ലെന്ന് ഏവർക്കും സുവ്യക്തം. കൂട്ടിന് തോമസ് എന്ന സാഹസികനും. ജേൺ റേറ്റ് ക്ലിഫ് എന്ന സംഘനേതാവും മറ്റ് അപ്രധാന കഥാപാത്രങ്ങളും കപ്പൽ തൊഴിലാളികളുമുണ്ട്. ഇവരിൽ സാഹസികതയുടെ മറുപേരായ ജോൺ സ്മിത്താണ് നോവലിന്റെ ആരംഭത്തിൽ നായകൻ. ജോൺ റേറ്റ് ക്ലിഫി (John Ratcliffe)ന്റെ കഥാപാത്രം പേര് സൂചിപ്പിക്കുന്നതുപോലെ പാറക്കെട്ടുകൾ കരണ്ടുന്ന യൂറോപ്യൻ ഉപഭോഗ അധിനിവേശ ത്വരയുടെ തുരപ്പൻ ആൾ രൂപത്തെയാണ് വരച്ചിടുന്നത്.

കടൽകോളുകളെയും വെല്ലുവിളികളെയും അതിജീവിച്ച് സൂസൻ കോൺസ്റ്റന്റ് സാഹസികമായി വന്നണയുന്നത് പോകഹോണ്ടസിന്റെ പ്രകൃതി സുന്ദരവും ജൈവസന്തുലിതവുമായ ദ്വീപിലാണ്. നോവൽ ഇതിനെ ഗ്രാമം(Village) എന്നുതന്നെയാണ് വിളിക്കുന്നത്. യൂറോപ്യൻ നാഗരികത വിഴുങ്ങി തീർത്ത ലോകത്തെ നിഷ്കളങ്ക ഗ്രാമീണ നിശബ്ദതകളെ ഈ പേര് ധ്വനിപ്പിക്കുന്നുണ്ട്. ഗ്രാമത്തിൽ എല്ലാം പരസ്പര ബന്ധിതവും പരാശ്രിതങ്ങളുമാണ്. എല്ലാറ്റിനും അവയുടെ സ്ഥാനങ്ങളും പേരുകളുമുണ്ട്. മണ്ണും വെള്ളവും മാനവും ചേർന്ന ഒരു ജൈവിക കവിതയാണ് ഈ സുന്ദര ഭൂമി. കടൽകടന്നു വരുന്ന വെള്ളക്കാർ ഇതിനോട് ചെയ്യുന്ന ആദ്യ കയ്യേറ്റം ഗ്രാമത്തിന് ജെയിംസ് ടൗൺ എന്ന് പേരിടുന്നതാണ്. ലോകത്തിന്റെ വിവിധഭാഗങ്ങളിലെ യൂറോപ്യൻ കോളനികളിൽ നമുക്ക് പരിചയമുള്ള തനിമയറ്റ പല ആംഗലവൽകൃത പേരുകളെയും ഇ ത് ഓർമ്മിപ്പിക്കുന്നുണ്ട്.

പൗഹാതൻ(Powhatan) ആണ് ഗ്രാമമൂപ്പൻ. പോകഹോണ്ടസ് അദ്ദേഹത്തിന്റെ സുന്ദരിയായ പ്രിയ പുത്രിയും. ഗ്രാമത്തിന് ഒരു സേനയും നാട്ടുകൂട്ടം പോലെയുള്ള ഒരു വിധിനിർണ്ണയ വിഭാഗവുമുണ്ട്. തനതു ചികിത്സയും മന്ത്രവും തന്ത്രവുമറിയുന്ന ഒരു വൈദ്യനുമുണ്ട്. ഇയാളുടെ പുത്രൻ സുന്ദരനും ഗൗരവപ്രകൃതക്കാരനുമായ കോകൂം ആണ് സൈന്യാധിപൻ. ഇയാൾ പോകഹോണ്ടസിനെ വിവാഹംചെയ്യാനാഗ്രഹിക്കുന്നുണ്ട്. 'ഗ്രാമ' ചിത്രത്തിന്റെ ആദ്യത്തിൽ അസ്വസ്ഥചിത്തയായി നടക്കുന്ന പോകഹോണ്ടസിനെ നാം കണ്ടുമുട്ടുന്നു. ഗ്രാമഭാഷയിൽ പോകഹോണ്ടസെന്നാൽ കുസൃതിക്കുരുന്ന് എന്നാണർത്ഥം. തുടർച്ചയായി കണ്ടുകൊണ്ടിരിക്കുന്ന ഒരു സ്വപ്നമാണ് തന്നെ അലട്ടുന്നതെന്ന് തോഴി നകോമയോട് പോകഹോണ്ടസ് പറയുന്നുണ്ട്. സ്വപ്നത്തിന്റെ അർത്ഥവും തേടി അവൾ വില്ലോമര മുത്തശ്ശി(Grandmother Willow Tree) യുടെ അടുക്കലെത്തുന്നു, നൂറ്റാണ്ടുകളുടെ അനുഭവസമ്പത്തുള്ള വില്ലോ മുത്തശ്ശി അവളോട് അർത്ഥ ലബ്ധിക്കായി കാറ്റിനും കടലിനും കരളിനും കാതോർക്കാൻ ആവശ്യപ്പെടുന്നു. കാറ്റുപറയുന്നതനുസരിച്ച് അവൾ വില്ലോമുത്തശ്ശിയുടെ മുതുകിൽ കയറി നോക്കുമ്പോൾ അസാധാരണ മേഘങ്ങളെപ്പോലെ എന്തോ ഒന്ന് കാണുന്നു. അത് ഒരു കപ്പലിന്റെ പായയാണെന്ന് അവൾ സാവധാനം തിരിച്ചറിയുന്നു.

തുടർന്ന്, ഗ്രാമം മുഴുവനും കാണാനായി കപ്പലിറങ്ങി ഇതേ വില്ലോയിൽ തന്നെ കയറുന്ന ജോൺ സ്മിത്തും പോകഹോണ്ട്സും അല്പസമയത്തിന് ശേഷം പരിചയപ്പെടുന്നു. അടുക്കുന്നു. താൻ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും സുന്ദരിയായ സ്ത്രീയാണ് പോകഹോണ്ട്സ് എന്ന് അയാൾ അതിശയിക്കുന്നു. പോകഹോണ്ടസിന്റെ സന്തത സഹചാരികളായ മീകോ എന്ന റ കൂണും(Raccoon), ഫ്ളിറ്റ് എന്ന മൂളൽ പക്ഷിയും അവളുടെ മനോഗതങ്ങളിൽ പങ്കാളികളാകുന്നുണ്ട്. അവരുടെ പ്രണയത്തിന് സാക്ഷികളും.

സ്മിത്തും പോകഹോണ്ടസും തമ്മിലുള്ള പ്രണയത്തിന്റെ ചാരുതയാർന്ന നൂലിഴക്കിടയിലൂടെയാണ് പരമ്പരാഗത യൂറോപ്യൻ അധിനിവേശ മൂല്യബോധത്തെ നോവൽ അനാവരണം ചെയ്യുന്നത്. യൂറോകേന്ദ്രിതവും മനുഷ്യകേന്ദ്രിതവും പുരുഷകേന്ദ്രിതവുമായ പടിഞ്ഞാറൻ ലോകവീക്ഷണത്തെ നോവൽ പൊളിച്ചടുക്കുന്നതും, പുതുക്കിപ്പണിയുന്നതും. ലോകത്തെ മൂല്യങ്ങളെ അളക്കാനുള്ള ഏക മാനകം യൂറോപ്പാണെന്ന കൊളോണിയൽ തിമിരത്തിലൂടെ തന്നെയാണ് സ്മിത്ത് പോകഹോണ്ടസിനേയും അവളുടെ സംസ്കാരത്തെയും സമീപിക്കുന്നത്. എന്നാൽ സൗമ്യമെങ്കിലും കരുത്താർന്ന പെൺ നിലപാടുകളിലൂടെ പോകഹോണ്ടസ് ഈ കാഴ്ചപ്പാടിനെ തിരുത്തുന്നു-സമിത്തിന്റെയും,സ്മിത്തിലൂടെ യൂറോപ്പിന്റെയും.



ലണ്ടനെക്കുറിച്ച് പറയുമ്പോൾ അത് ഒരു വലിയ ഗ്രാമമാണെന്ന്(Big Village) സ്മിത്ത് അവളോട് വിവരിക്കുന്നുണ്ട്. വലിയ പൈൻ മരങ്ങളും വില്ലോ മരങ്ങളും കൊച്ചാകുന്ന എടുപ്പുകൾ അവിടെ ഉണ്ടെന്ന് ഊറ്റം കൊള്ളുന്നുണ്ട്. ഗ്രാമത്തിലും ഇതേരീതിയിലുള്ള ബഹുനിലക്കെട്ടിടങ്ങൾ തങ്ങൾ തീർക്കുമെന്ന് അയാൾ ഉറപ്പുനൽകുന്നുണ്ട്. കൂട്ടത്തിൽ ഗ്രാമത്തിലെ കുടിലുകളെ കളിയാക്കുന്നുമുണ്ട്. മറുപടിയായി പോകഹോണ്ടസ് അവളുടെ വീടിന്റെ ഒതുക്കത്തെ സ്മിത്തിനെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും തുടക്കത്തിൽ അയാൾക്ക് അതത്രബോധിക്കുന്നില്ല. ഗ്രാമീണർക്ക് അവരുടെ വീടുകൾ തന്നെ ധാരാളം മതിയെന്നും, വൻകെട്ടിടങ്ങൾ അപ്രസക്തമാണെന്നും അവൾ ഊന്നിപറയുന്നുണ്ട്.

പിന്നീടൊരിക്കൽ, ആരാണ് അപരിഷ്കൃതരെന്ന്(Savages) ജോൺസ്മിത്ത് പോകഹോണ്ടസിനെ പഠിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ലോകത്തെമ്പാടും തങ്ങൾ അപരിഷ്കൃതരെ സംസ്കരിച്ചെടുത്തിട്ടുണ്ടെന്ന് ആവേശം കൊള്ളുന്നുണ്ട്. ശാന്തമായി എന്നാൽ സ്ഥൈര്യമായി അവൾ പറയുന്ന മറുപടി ഇതാണ് 'ഞങ്ങൾക്ക് ഈ കാട്ടിലെ ജീവികളും പാറകളും പറവകളും ജലത്തിലെ മത്സ്യങ്ങളും എല്ലാം ഏകോദര സഹോദരങ്ങളാണ്. ഞങ്ങളെല്ലാം ഒന്നായി ഐക്യത്തോടെ ഒരുമിച്ച് ജീവിക്കുന്നു. സൂര്യനും, ചന്ദ്രനും, താരകളും, ഞങ്ങളും എല്ലാം'. എന്നാൽ ഈ വിശാല പ്രാപഞ്ചിക വീക്ഷണത്തിലേക്ക് യൂറോപ്പിന്റെ മനുഷ്യകേന്ദ്രിത ലോകവീക്ഷണം വഹിക്കുന്ന സ്മിത്തിന് തുടക്കത്തിൽ വളരാനാവുന്നില്ല. പക്ഷേ തുടർന്നുള്ള അവളുടെ മൊഴികൾ സ്മിത്തിന് ജീവിതത്തെ തിരുത്താനുള്ള അടിവരകളാവുന്നുണ്ട്. 'ഓരോ കുഞ്ഞിലയ്ക്കും ഒരു ഉയിരും ആത്മാവുമുണ്ട്. ഞാനും മീകോയും, ഫ്ളിറ്റും, കൊടുങ്കാറ്റുകളും, ഗിരിശൃംഗങ്ങളും പരസ്പരബന്ധിതങ്ങളായ ഭൂമിയുടെ അംശങ്ങളാണ്' - അവൾ മൊഴിയുന്നു. കൂട്ടത്തിൽ നിങ്ങളുടെ ആളുകൾക്ക് ഭൂമിയെ അറിയില്ല. നിങ്ങൾ ഇതിനെ ഒരു നിർജീവ അസ്തിത്വം മാത്രമായി കാണുന്നു.- എന്ന് അവൾ യൂറോപ്പിനെ ശക്തിയായി വിമർശിക്കുന്നുമുണ്ട്. ഈ കാഴ്ചപ്പാടുകൾ

........................ശേഷം പേജ് 12 ൽ



# ചായക്കട രാഷ്ട്രീയം

നൗഷാദ് ചാത്തല്ലൂർ

## കൂട്ടുസംസ്കാരത്തിന്റെ സ്മാരകങ്ങളായി നില നിൽക്കുന്ന ചായക്കടകളെക്കുറിച്ച്...

ഇന്ന് ചായക്കടയിൽ കയറുന്നത് ചായ കുടിക്കാനാണ്. ചായ കുടിച്ച് എന്തെങ്കിലും കഴിച്ച് കാശും കൊടുത്ത് നാം ഇറങ്ങിപ്പോരുകയും ചെയ്യുന്നു. ചായ കുടിയുടെ അനുഭൂതി അറിയാൻ നാട്ടിൻപുറങ്ങളിലെ കുഞ്ഞു ചായക്കടകൾ ഒന്നു സന്ദർശിക്കുക. ജീവിതത്തിന് ഊർജ്ജം പകർന്നു തരുന്ന ചായക്കടകൾ അവശേഷിക്കുന്നുണ്ടെങ്കിൽ ഭാഗ്യമായി. മറ്റെങ്ങുമില്ലാത്ത, പേര് പോലും ഇല്ലാത്ത ചായക്കടകൾ! (മിക്കവാറും ഒരാളുടെ പേരിലായിരിക്കും അറിയപ്പെടുക.)സദാ തിളക്കുന്ന വെള്ളവുമായി സമാവർ. തേഞ്ഞു മിനുസ്സമാർന്ന ഏതാനും ബെഞ്ചുകളും മേശയും! ഓല മേഞ്ഞതോ, ഷീറ്റു മേഞ്ഞതോ ആയ കൂര, തനിമയുള്ള നാട്ടുപലഹാരങ്ങൾ (കടികൾ), എല്ലാറ്റിനുമപ്പുറം സ്നേഹവും നിഷ്കളങ്കതയും മുഖമുദ്രയാക്കിയ ഒരു ചായക്കടക്കാരന്റെ സാന്നിധ്യം! ഇത്രയുമായാൽ നാട്ടിൻപുറത്തെ ഒരു മാതൃകാ ചായക്കടയായി. ചായക്കടയല്ല, ഏറനാടൻ നാട്ടുഭാഷയിൽ പറഞ്ഞാൽ മക്കാനി!

ഈ ചായ മക്കാനികളുടെ തനിമയാർന്ന മുഖത്തിന് കാലാന്തരത്തിൽ മാറ്റമുണ്ടായെങ്കിലും ചില ചായക്കടകളെങ്കിലും നമ്മുടെ കൂട്ടുസംസ്കാരത്തിന്റെ ബാക്കിപത്രങ്ങളുടെ സ്മാരകങ്ങളായി നിലനിൽക്കുന്നു. നേരം പുലരുന്നതോടൊപ്പം ചായക്കടകളും സജീവമാകുന്നു. നേരത്തെ ജോലിക്ക് പോവുന്നവരും പള്ളിയിൽ വരുന്നവരുമെല്ലാം ചായ കുടിച്ച് തങ്ങളുടെ ജീവിതം ആരംഭിക്കുന്നു. ഇതിനിടയിൽ ചെറിയ നാട്ടുവർത്തമാനങ്ങളിൽ തുടങ്ങി പലപ്പോഴും ഗൗരവകരമായ ചർച്ചകളിലേക്ക് നീങ്ങും. സൊറ പറയൽ ആഗോള സംവാദങ്ങളായി രൂപം പ്രാപിക്കുന്നു.ജീവിതത്തിന്റെ ഇല്ലായ്മകളും, പരദൂഷണങ്ങളും, വിശേഷങ്ങളുമെല്ലാം ചർച്ച ചെയ്യപ്പെടുന്നു. വെടി വട്ടങ്ങളിൽ വാർഡു രാഷ്ട്രീയം മുതൽ ലോക രാഷ്ട്രീയം വരെ വിഷയമാകുന്നു. തുടങ്ങി വെച്ചയാൾ പോയിക്കഴിഞ്ഞാലും പിന്നീട് വരുന്നവർ ചർച്ച കൊഴുപ്പിക്കും.

കുടിക്കുന്ന ചായക്കും കടിക്കുമൊപ്പം നാട്ടിൻപുറത്തുകാരുടെ മനസ്സിലേക്കും കുറെ പുതിയ കാര്യങ്ങൾ കടന്നുകൂടുന്നു. അതിൽ നിന്നും പാഠമുൾക്കൊള്ളുകയും മനസ്സ് വിശാലമാവുകയും ചെയ്യുന്നു. പത്രങ്ങളും റേഡിയോയും ഈ ചർച്ചയ്ക്ക് മാറ്റു കൂട്ടുന്നു. ഇവിടെ ചിന്തകൾക്കും ചർച്ചകൾക്കും നിയന്ത്രണമോ വിരാമമോ തീർക്കാൻ അധ്യക്ഷനില്ല. ഇവിടെ ആർക്കും എന്തും പറയാം. ഉൾക്കൊള്ളുന്നവർക്ക് വേണമെങ്കിൽ ഉൾക്കൊള്ളാം. മോഡറേറ്ററോ, സംഘാടകരോ ഇല്ലാതെ ജനകീയ സംവാദം മുടങ്ങാതെ തുടരുന്നു.എല്ലാ ചായക്കടകളിലും ഇത്തരത്തിൽ ചർച്ചകൾ ഉണ്ടായിരുന്നു. എന്നാൽ ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവ് ഈ ചർച്ചകളെയെല്ലാം നിഷ്കരുണം കൊന്നുകളഞ്ഞു എന്നുതന്നെ പറയാം.


നാടൻ ചായ മക്കാനികളുടെ ഏറ്റവും വലിയ നന്മ കുറിക്കല്ല്യാണങ്ങളായിരുന്നു (പണംപയറ്റ്). ഗ്രാമത്തിലെ ഓരോരുത്തരും പരസ്പരം സഹായിക്കുന്ന 'പലിശരഹിത ലോൺ' സംവിധാനം എന്നു വേണമെങ്കിൽ പറയാം. ഒരാൾക്ക് വീടുവെക്കാൻ പണം ആവശ്യമായി വന്നാൽ കുറിക്കല്ല്യാണത്തിന് ദിവസം നിശ്ചയിച്ച് ആളുകളെ ചായക്കടകളിലേക്ക് ക്ഷണിക്കുന്നു. ഓരോരുത്തരും തങ്ങളാൽ കഴിയുന്ന പണവുമായി ചായക്കടയിൽ എത്തി പണം നൽകുന്നു. അവർക്കെല്ലാം കുറിക്കല്ല്യാണം നടത്തുന്നയാളിന്റെ വക ചായ ഫ്രീ!!

കിട്ടുന്ന കാശിന്റെ കണക്കുകൾ കൃത്യമായി കുറിച്ചുവെക്കും. ഇങ്ങനെ പല തുള്ളി പെരുവെള്ളമായി പണം സമാഹരിക്കുന്നു. വേറൊരു ദിവസം വേറൊരാൾ കുറിക്കല്ല്യാണം നടത്തുന്നു. എല്ലാവരും എല്ലാവരെയും സഹായിക്കുന്ന നാടിന്റെ 'സഹകരണ സംഘം', പെരുകിവരുന്ന പലിശകളിൽ നിന്നും മോചനമേകുന്നു.ചായമക്കാനിയിലെ ഈ കൂട്ടായ്മകൾ..!! പുതിയ പരിഷ്കാരങ്ങളുടെ കുത്തൊഴുക്കിൽ കുറിക്കല്ല്യാണങ്ങൾ അപ്രത്യക്ഷമായി. ടി.വിയും ഇന്റർനെറ്റും മറ്റ് ആധുനിക സംവിധാനങ്ങൾ എല്ലാം ചേർന്ന് നമ്മുടെ ചായമക്കാനികൾ അടക്കമുള്ള പൊതു ഇടങ്ങളെ ഇല്ലാതാക്കിയിരിക്കുന്നു. ഇതിനിടയിൽ ചക്രശ്വാസം വലിച്ച് ചില മക്കാനികൾ നിലനിൽക്കുന്നു. ഇവയുടെ അന്ത്യവും അടുത്തിരിക്കുന്നു.വളർന്നുവരുന്ന സ്മാർട്ട് സിറ്റികൾക്കിടയിൽ മക്കാനികളുടെ മഹത്വം ആര് തിരിച്ചറിയാനാണ്..?

# ഒരമ്മ മകനയച്ച കത്തുകൾ

ചന്ദ്രബാബു തൃക്കലങ്ങോട്

**1943 ൽ ഒരമ്മ തന്റെ ഒരു വയസുകാരനായ മകന് അയച്ച സ്വകാര്യ കത്തുകൾ .....ഏറെ കാലങ്ങൾക്കുശേഷം, പൂർവ്വികസ്വത്തെന്ന പോലെ കൈമാറി കിട്ടിയ ആ കടലാസുതുണ്ടുകളാണ് ഓർമ്മയിൽ പോലും അവശേഷിച്ചിട്ടില്ലാത്ത തന്റെ അമ്മയെ തിരിച്ചുപിടിക്കാൻ ജീനിനെ സഹായിച്ചത്......**



*ജീൻ തന്റെ പഴയ ചിത്രവുമായി*

ഇ-മെയിലും ഇന്റർനെറ്റുമൊക്കെ പിടിച്ചടക്കിയ ഒരു ലോകത്തുനിന്ന് വീണ്ടും കത്തെഴുത്തിനെ കുറിച്ച് ചിന്തിക്കുന്നതു തന്നെ വിഡ്ഢിത്തമായാണ് കണക്കാക്കുന്നത്. പേനയും പേപ്പറുമെടുത്ത് നീട്ടിപരത്തി എഴുതാൻ മാത്രം എന്താണീ ലോകത്തുള്ളത്. അഥവാ എഴുതിക്കഴിഞ്ഞാലോ സ്റ്റാമ്പ് ഒട്ടിച്ച് തപാലാപ്പീസിൽ പോയി പോസ്റ്റ് ചെയ്യാനുള്ള സമയമൊക്കെ കിട്ടുമോ? കത്തെഴുതാതിരിക്കാൻ ഇങ്ങനെ നൂറുകൂട്ടം കാരണങ്ങൾ നികത്താവുന്നതാണ്. ഒരു ഇ-മെയിൽ ഒരിക്കൽ ചെക്ക് ചെയ്തു കഴിഞ്ഞാൽ ഇൻബോക്സ് എന്ന ചവറ്റുകുട്ടയിൽ പിന്നീടൊരിക്കൽപോലും തുറന്നുനോക്കാതെ കിടക്കും. വീണ്ടും നോക്കിയാൽ തന്നെ പുതുമയൊന്നും അനുഭവപ്പെടുകയുമില്ല. പക്ഷേ കടലാസിൽ, മനസ് പകർത്തിയ കത്തുകൾ കാലമെത്ര കഴിഞ്ഞാലും പൊടിതട്ടിയെടുത്ത് വീണ്ടുമത് പുതുമയോടെ വായിക്കുമെന്നുറപ്പാണ്. കത്തുകൾ ബന്ധങ്ങളുടെ ഒരു കടലാസുപാലം നിർമ്മിക്കുന്നതോടൊപ്പം തന്നെ ഒരു ചരിത്രശേഷിപ്പു കൂടിയായി മാറുന്നു.

കത്തുകൾ, അയക്കുന്നവർ തമ്മിലുള്ള സ്വകാര്യഭാഷണങ്ങൾ മാത്രമല്ല. കാലവും ലോകവും സംസ്കാരവുമെല്ലാം അടയാളപ്പെടുത്തുക വഴി അതൊരു ചരിത്രരേഖയായി തീരുന്നു. വ്യക്തിപരമായി അയച്ച പല കത്തുകളും സമൂഹത്തിൽ നിരവധി മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പല വിപ്ലവങ്ങൾക്കും തിരി കൊളുത്തിയിട്ടുണ്ട്. പല കത്തുകളും നേരെ ചരിത്രത്തിലേക്ക് നടന്നുകയറിയ സംഭവങ്ങൾ നിരവധിയാണ്.

1943 ൽ ഒരമ്മ തന്റെ ഒരു വയസുകാരനായ മകന് അയച്ച സ്വകാര്യ കത്തുകൾ പരസ്യമായി ചരിത്രത്തിൽ ഇടപെടുകയാണുണ്ടായത്. ഹിറ്റ്ലറുടെ ജൂതവിരോധത്തിന്റെ മൂർത്തിരൂപമായ കോൺസൻട്രേഷൻ ക്യാമ്പിൽ അകപ്പെട്ട എസ്തേര ഗോൾഡ് ബ്രെണ്ണർ (Estera Gold brenner) തന്റെ മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്ന ഒരു വയസ്സുകാരനായ മകൻ ജീൻ ക്ലോഡ് ഗോൾഡ് ബ്രെണ്ണർ ( Jean Claude Gold brenner) ന്റെ വിശേഷങ്ങൾ ആരാഞ്ഞുകൊണ്ട് എഴുതിയ കത്തുകൾ വേർപാടിന്റെ തീവ്ര വേദനകൾ പങ്കുവെക്കുന്നതോടൊപ്പം നാസി കോൺസൻട്രേഷൻ ക്യാമ്പിന്റെ ചിത്രം ലോകത്തിനു പകരുന്നതുകൂടിയായിരുന്നു.

ജീവിതത്തിൽ പ്രതീക്ഷകളുടെ തിരിവെളിച്ചങ്ങൾ

***കത്തുകൾ ബന്ധങ്ങളുടെ ഒരു കടലാസു പാലം നിർമ്മിക്കുന്നതോടൊപ്പം തന്നെ ഒരു ചരിത്രശേഷിപ്പു കൂടിയായി മാറുന്നു....***

ഓരോന്നായി അണയുമ്പോഴാണ് എസ്തേര കത്തെഴുതുന്നത്. ഒരു വയസ്സുകാരനായ ജീൻ ഒരുപക്ഷേ ആ കത്തുകൾ അന്ന് കണ്ടിട്ടുപോലുമുണ്ടാകില്ല. ഏറെ കാലങ്ങൾക്കുശേഷം, പൂർവ്വികസ്വത്തെന്ന പോലെ കൈമാറി കിട്ടിയ ആ കടലാസുതുണ്ടുകളാണ് ഓർമ്മയിൽ പോലും അവശേഷിച്ചിട്ടില്ലാത്ത തന്റെ അമ്മയെ തിരിച്ചുപിടിക്കാൻ ജീനിനെ സഹായിച്ചത്. ജീനിന് ആ കത്തുകൾ വെറുമൊരു കടലാസു കഷ്ണങ്ങൾ മാത്രമല്ല; തന്റെ അമ്മ തന്നെയായി മാറുകയാണ്. എസ്തേര മകനയച്ച കത്തുകൾ നാസി കോൺസൻട്രേഷൻ ക്യാമ്പിന്റെ ചിത്രം പകരുക വഴി ചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

ഹിറ്റ്ലറുടെ കാലത്ത് ഇന്റർനെറ്റ് സൗകര്യം ഉണ്ടായിരുന്നുവെങ്കിൽ ആ അമ്മയ്ക്ക് മകന് ഇ-മെയിൽ ചെയ്യാമായിരുന്നു. പക്ഷേ കാലങ്ങൾക്കിപ്പുറത്ത് ഇരുന്ന് അത് ചെക്ക് ചെയ്ത് ഒരു മകന് തന്റെ അമ്മയുടെ സ്നേഹം തിരിച്ചുപിടിക്കാൻ കഴിയുമായിരുന്നുവോ എന്നത് സംശയമാണ്. മനസിൽ ഒരാളെ ഓർത്ത് നെഞ്ചോട് ചേർക്കുവാൻ ഒരു കടലാസ് തുണ്ടെങ്കിലും ഉണ്ടായാലല്ലേ കഴിയൂ..

*Sometimes, missing is more precious than being together. Because we miss only those people whomwe never want to miss in our life.......*

---

........ഒരു റേഡിയോ ലേഖനവും പേജ് 9 ന്റെ തുടർച്ച

ശ്രോതാവിന് സ്വന്തം നാട്ടിൽ നിന്ന് ദേശീയനും അന്തർദേശീയനുമായി മാറുന്നത് എത്രയെളുപ്പമാണ്! തന്നെ ബന്ധിതനാക്കാതെ എല്ലാ പ്രവൃത്തികളും ചെയ്യാനനുവദിച്ച് ശ്രോതാവിനെ ശബ്ദതരംഗങ്ങളിലൂടെ അനന്ത ചക്രവാളത്തിലേക്ക് കൊണ്ടുപോകുന്ന ഈ സൗമ്യനായ ചങ്ങാതിയെ തിരിച്ചുകൊണ്ടുവരാൻ 'ഹിന്ദു'വിലെ ലേഖനവും കത്തുകളും സഹായിക്കുന്നു.

റേഡിയോ

# ഒരു റേഡിയോ ലേഖനവും കുറേ ഓർമ്മകളും




ലിമ ന്യൂസ് ഡെസ്ക്

**'ഹിന്ദു' ദിനപത്രത്തിൽ അറുപതുകളിലെയും എഴുപതുകളിലെയും റേഡിയോ പ്രണയകാലത്തിന് സ്തുതിഗീതമായി വി. നടരാജൻ, എഴുതിയ ലേഖനത്തിന് അത്ഭുതകരമായ പ്രതികരണങ്ങളാണുണ്ടായത്. അൽപ്പം റേഡിയോ വിചാരം....**

ഇന്നത്തെ എഫ്.എം. റേഡിയോ സ്റ്റേഷനുകളിലെ ജോക്കികളുടെ കൊഞ്ചിക്കുഴഞ്ഞ കൊച്ചുവർത്തമാനങ്ങളുടെ കാലത്തെപ്പറ്റിയല്ല. റേഡിയോ, ജീവിതത്തിന്റെ പശ്ചാത്തല സംഗീതമായി നിലനിന്ന ഒരു വസന്തകാലമുണ്ടായിരുന്നു. അറുപതുകളിലെയും എഴുപതുകളിലെയും ആ റേഡിയോ പ്രണയകാലത്തിന് സ്തുതിഗീതമായി വി. നടരാജൻ ഇക്കഴിഞ്ഞ ആഗസ്റ്റ് ഏഴാം തിയ്യതിയിലെ 'ഹിന്ദു' ദിനപത്രത്തിൽ ഓപ്പൺ പേജിൽ ഒരു ചെറുകുറിപ്പെഴുതി. 'ആൻ ഓഡ് റ്റു ദി റേഡിയോ ഓഫ് യെസ്റ്റർ ഇയർ' എന്ന തലക്കെട്ടിൽ. ഒരു ചെറിയ ഓർമ്മക്കുറിപ്പെന്ന നിലയിൽ തള്ളിക്കളയാനിടയുള്ള ആ ലേഖനത്തിന് അത്ഭുതകരമായ പ്രതികരണങ്ങളാണുണ്ടായത്. ലേഖനം പ്രസിദ്ധീകരിച്ച് തുടർന്നുള്ള നാല് ദിവസവും വായനക്കാരുടെ കത്തുകളുടെ പ്രവാഹം തന്നെയുണ്ടായി. നിരവധി വായനക്കാരുടെ ഓർമ്മകളെ തൊട്ടുണർത്തുന്നതായിരുന്നു ആ ലേഖനമെന്ന് പ്രസിദ്ധീകരിക്കപ്പെട്ട കത്തുകൾ തെളിയിക്കുന്നു.

ഇന്ന് ജീവിച്ചിരിപ്പുള്ള ഒരു തലമുറയുടെ 50-60-70 കാലഘട്ടങ്ങളിൽ റേഡിയോ ഒരു സജീവസാന്നിധ്യമായിരുന്നല്ലോ. ആഡംബരപൂർവ്വം സ്വീകരണമുറിയിൽ പ്രത്യേക സ്റ്റാന്റുണ്ടാക്കി സ്ഥാപിച്ച വലിയ വാൽവ് സെറ്റ് മുതൽ ഏതു സാധാരണക്കാരനും കുറഞ്ഞ കാശ് കൊടുത്ത് സ്വന്തമാക്കാൻ കഴിഞ്ഞ പോക്കറ്റ് ട്രാൻസിസ്റ്റർ റേഡിയോ വരെയുള്ള വൈവിധ്യമാർന്ന റേഡിയോ കാലം! പലർക്കും പറയാൻ ഒത്തിരിയൊത്തിരി റേഡിയോ ഓർമ്മകളുണ്ട്. ഓൺ ചെയ്തതിനുശേഷം ഏതാനും മിനിട്ടുകൾ ശബ്ദം കേൾക്കാനായുള്ള കാത്തിരിപ്പും കൊതുകുവല പോലുള്ള ഏരിയലും പോസ്റ്റ് ഓഫീസിൽ പോയി ലൈസൻസും ടാക്സും പുതുക്കലും...... ഇങ്ങനെയൊക്കെയുള്ള റേഡിയോ കാലമുണ്ടായിരുന്നു.

വായനശാലകളിലും പഞ്ചായത്ത് ഓഫീസുകളിലും റേഡിയോ പരിപാടികൾ മൈക്കിലൂടെ പൊതുജനങ്ങളെ കേൾപ്പിക്കാനുള്ള സംവിധാനങ്ങളുണ്ടായിരുന്നു. സ്വന്തമായി റേഡിയോ ഇല്ലാത്തവരും ലോകവൃത്താന്തങ്ങൾ അറിയാൻ കൗതുകമുള്ളവരും ഇതിനായി തടിച്ചുകൂടാറുണ്ടായിരുന്നു.

പ്രാദേശിക റേഡിയോ നിലയങ്ങളുടെ അനൗൺസർമാരും അവർ പ്രക്ഷേപണം ചെയ്തിരുന്ന വിവിധ പരിപാടികളും ആളുകളുടെ ഹൃദയത്തെ തൊട്ടു. ക്രിക്കറ്റ് - ഫുട്ബാൾ കമന്ററികൾ ശ്രോതാക്കളെ മൈതാനത്തിന്റെ ആവേശ തരംഗങ്ങളിലേക്ക് കൊണ്ടുപോയി.

ചലചിത്രഗാനങ്ങൾ കേൾക്കാൻ ലഭിക്കുന്ന അപൂർവ്വ അവസരങ്ങളാണ് റേഡിയോ അന്നത്തെ തലമുറയ്ക്ക് നൽകിയത്. ചലചിത്ര ശബ്ദരേഖയിലൂടെ നിരവധിയാളുകൾ മനസ്സിന്റെ തിരശ്ശീലയിൽ സിനിമകൾ ആസ്വദിച്ചു.

ബിനാക്കാ ഗീത്മാലയിലൂടെയും വിവിധ് ഭാരതിയിലൂടെയും റാഫിയും ലതയും ആശയും തലത്തും കിഷോറുമെല്ലാം പാടിതിമർത്തു.

സാധാരണക്കാരെ ആകർഷിച്ചിരുന്ന വിദേശ പ്രക്ഷേപണനിലയമായിരുന്നു സിലോൺ റേഡിയോ. മലയാളമുൾപ്പടെയുള്ള വിവിധ ഭാഷാ പരിപാടികൾ അവർക്കുണ്ടായിരുന്നു. വിദ്യാസമ്പന്നരായവർ ബി.ബി.സി യും വോയ്സ് ഓഫ് അമേരിക്കയുമൊക്കെ കേട്ടു...

നടരാജൻ ഈ വിധം റേഡിയോയുടെ വസന്തകാലത്തിന് സ്തുതിഗാനമാലപിച്ചപ്പോൾ നിരവധി പത്രവായനക്കാർ ഓർമ്മകൾ പൊടി തട്ടിയെടുത്തു. കേവല ഗൃഹാതുരത്വ സ്മരണകൾക്കപ്പുറം മനുഷ്യ സൗഹാർദ്ദപരമായ റേഡിയോ സാന്നിദ്ധ്യം ഈ കത്തുകളിലെല്ലാം പ്രതിഫലിക്കുന്നുണ്ട്.

80 കളുടെ അവസാനത്തിൽ ടെലിവിഷനും കമ്പ്യൂട്ടറും സ്വീകരണമുറിയിൽ കയറിപ്പറ്റിയപ്പോൾ റേഡിയോയെ ആട്ടിയോടിച്ചവരാണ് പുതിയ തലമുറ.

കേൾക്കാൻ മാത്രമല്ല കാണാനും പറ്റുന്ന സാഹചര്യമുണ്ടാകുമ്പോൾ വെറും 'കേൾവിപാത്രം' ആർക്കുവേണം?

അപ്പോഴും റേഡിയോയെ പ്രണയിക്കുന്നവരുണ്ടായിരുന്നു. ആധുനിക പരിഷ്കാരങ്ങളുടെ വേഗത്തിനൊത്ത് ജീവിതത്തെ പായിക്കാൻ കഴിയാതെ പിന്നിലായവർ, ശാരീരിക ക്ലേശങ്ങൾ മൂലം പുറംലോകത്തേക്കിറങ്ങാൻ കഴിയാതെ വന്ന ഹതഭാഗ്യർ.... ഇങ്ങനെ പലരും ആകാശമാർഗത്തിൽ വരുന്ന തരംഗങ്ങളിൽ സ്വന്തം സ്വപ്നങ്ങൾ ഇറക്കിവെച്ചു.

റേഡിയോയുടെ രണ്ടാം വരവായിരുന്നു എഫ്.എം. കാലം. റേഡിയോ പ്രണയിതാക്കൾക്ക് പ്രതീക്ഷ നൽകിയ പുതിയ ഈ കാലം പക്ഷേ ഇത്തിരി പിന്നിട്ടപ്പോഴേക്കും ചെടിപ്പിക്കുന്ന വിധമായി. പൈങ്കിളി വർത്തമാനങ്ങൾക്കിടയിലെ പാട്ടുകേൾക്കൽ മിക്കപ്പോഴും അസ്സഹനീയം തന്നെ!

പക്ഷേ റേഡിയോയുടെ ഈ തിരിച്ചുവരവ് അനിവാര്യമാണ്. പുതിയ കാലത്തെ തിരക്കുപിടിച്ച മണ്ടിപ്പാച്ചിലുകൾക്കിടയിൽ കമ്പ്യൂട്ടറിനും ടി.വി ക്കും മുമ്പിലിരുന്നു കൊടുക്കാൻ ആർക്കാണ് നേരം? അങ്ങനെ ചിലവഴിക്കുന്നവർക്കും മടുത്തു തുടങ്ങിയിരിക്കുന്നു. അപ്പോൾ റേഡിയോ തുണയാകുന്നു. യാത്രയ്ക്കിടയിൽ പോലും വാഹനത്തിൽ ഒന്നു ചാരിയിരുന്ന് കണ്ണടച്ച് റേഡിയോ തരംഗങ്ങൾക്ക് കാതുകൊടുക്കുന്നത് വിശ്രാന്തി പകരുന്ന അനുഭവമാകുന്നു.

റേഡിയോ ശ്രോതാക്കളെ അലോസരപ്പെടുത്തുന്ന പുതിയ സംവിധാനങ്ങളാണിന്ന് ചുറ്റും. കമ്പ്യൂട്ടറും സി. എഫ്.എൽ ലാമ്പുകളും ഇൻഡക്ഷൻ സ്റ്റൗവുകളും എല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ മടിയിൽ ഒരു റേഡിയോ വച്ച് ട്യൂൺ ചെയ്ത് സുഗമമായി കേൾക്കാൻ പറ്റുന്നില്ല. അകലങ്ങളിൽ നിന്ന് വരുന്ന റേഡിയോ തരംഗങ്ങളെ കശക്കി കളയുകയാണ് പുതിയ ഉപകരണങ്ങൾ. ഈ പ്രശ്നങ്ങളെ തരണം ചെയ്യാൻ എഫ്. എം തരംഗങ്ങൾക്ക് കഴിയുന്നുണ്ടെന്നത് നേരാണ്. പക്ഷേ റേഡിയോ ശ്രോതാക്കളുടെ ലോകത്തെ എല്ലാ അർത്ഥത്തിലും ചെറുതാക്കുകയാണ് എഫ്. എം. പരിപാടികൾ.

ഒരു ത്രീ ബാൻഡ് റേഡിയോയുടെ നോബ് തിരിച്ചാൽ

........................ശേഷം പേജ് 8 ൽ

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# ചേക്കുട്ടിക്കയുടെ പ്രസംഗം

**പ്രസംഗത്തിന്റെയും ഉപചാരങ്ങളുടെയും വടിവുകളില്ലാതെ ഈ സാധാരണക്കാരൻ നിവർന്നു നിന്നു പറഞ്ഞത് ഏറ്റവും ഉജ്ജ്വലമായ വാക്കുകളായിരുന്നു. സമകാലിക ലോകം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന വാക്കുകൾ...**

മഞ്ചേരി ലയൺസ് ക്ലബ്ബ് പ്രവർത്തകർ വിവിധ മേഖലകളിൽ സേവന പ്രവർത്തനങ്ങൾ നടത്തുന്ന ഏതാനും പേരെ ആദരിക്കുന്ന ഒരു ചടങ്ങായിരുന്നു അത്. ആദരവുകൾ ഏറ്റുവാങ്ങിയവരുടെ കൂട്ടത്തിൽ ഒരു വൃദ്ധ കർഷകനുമുണ്ടായിരുന്നു. മലപ്പുറം ആനക്കയത്തെ ചേക്കുട്ടിക്ക! വേഷത്തിലും പെരുമാറ്റത്തിലും ഏറനാടൻ തനിമയുള്ള മാപ്പിള കർഷകൻ. വിദ്യാസമ്പന്നരും ഉദ്യോഗസ്ഥരും ബിസിനസ്സുകാരുമൊക്കെ ഇരിക്കുന്ന ആ ഹാളിൽ തനി നാടൻ മട്ടിൽ, നിഷ്കളങ്ക ഭാവത്തിൽ ആത്മവിശ്വാസത്തോടെ പുഞ്ചിരിക്കുന്ന മുഖവുമായി ചേക്കുട്ടിക്ക ഇരുന്നു. മറുപടി പ്രസംഗത്തിനായി ചേക്കുട്ടിക്കയുടെ ഊഴമെത്തി. മൈക്കിനു മുമ്പിൽ നിന്ന് ചുമലിലെ തോർത്തെടുത്ത് മുഖം തുടച്ച് ചേക്കുട്ടിക്ക പറഞ്ഞുതുടങ്ങിയത് ഇങ്ങനെയാണ്..

ഇനിക്ക് പ്രസംഗിക്കാനൊന്നും അറിയൂലാ... ഞാനൊരു പഴേ കൃഷിക്കാരനാ......

പക്ഷേ ആ സദസ്സിനെ മൊത്തത്തിൽ അമ്പരപ്പിച്ചുകൊണ്ട്, ഹൃദയത്തെ ആഴത്തിൽ തൊടുന്ന വിധമായിരുന്നു ആ പ്രസംഗം! അല്ല, സംസാരം!

മണ്ണിനെ സ്നേഹിക്കുന്ന, കൃഷിയെ സ്നേഹിക്കുന്ന ഒരു മനുഷ്യൻ! അനുഭവത്തിലൂടെ അദ്ദേഹം പറഞ്ഞ തത്വചിന്താപരമായ കാര്യങ്ങൾ ആ ഹാളിൽ കൂടിയ എല്ലാവരെയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. അതിലെല്ലാമപ്പുറം മണ്ണിൽ പണിയെടുത്ത് എന്തെങ്കിലും വിളയിച്ചെടുക്കുന്നത് മഹത്തരമായ കാര്യമാണെന്ന് കുറച്ചുപേർക്കെങ്കിലും ബോധ്യപ്പെട്ടുകാണും.

രണ്ടര ഏക്കർ മാത്രമേ സ്വന്തമായുള്ളു എങ്കിലും അതിൽ മാത്രം ഒതുങ്ങുന്നതല്ല ചേക്കുട്ടിക്കയുടെ കൃഷി. കൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നുണ്ട് അദ്ദേഹം. നെല്ലും വാഴയും കപ്പയും എന്നുവേണ്ട എല്ലാ കാർഷിക ഇനങ്ങളും അദ്ദേഹം കൃഷി ചെയ്യുന്നു.

വാവലുകൾക്ക് ഭക്ഷണം കിട്ടാൻ വേണ്ടിയിട്ടെങ്കിലും പഴവർഗ്ഗങ്ങൾ നട്ടുവളർത്തണമെന്നാണ് ചേക്കുട്ടിക്ക പറയുന്നത്. മനുഷ്യർക്ക് വേണമെങ്കിൽ പഴവർഗ്ഗങ്ങൾ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നുമെല്ലാം കൊണ്ടുവരാം. എന്നാൽ നാട്ടിലുള്ള വാവലുകൾ എന്തുചെയ്യും? വാവലുകൾ പോലെയുള്ള ജീവികൾക്ക് ആഹാരം കിട്ടുമ്പോൾ നമ്മുടെ കൃഷി ആത്മീയമായ പ്രവൃത്തിയാകുന്നു. ചേക്കുട്ടിക്ക പറഞ്ഞു.

നമ്മുടെ കുട്ടികളെയൊക്കെ കൂട്ടി വീട്ടിൽ ചെറിയ രീതിയിലെങ്കിലും ഭക്ഷണസാധനങ്ങൾ നട്ടുണ്ടാക്കണം. എത്ര പത്രാസിൽ നടക്കണമെങ്കിലും ആരെങ്കിലുമൊക്കെ കൃഷി ചെയ്യേണ്ടേ? ഇന്നിവിടെ ഒരുക്കിയ സൽക്കാരത്തിന്റെ ഒരു ഇനം കപ്പയാണ്. അങ്ങാടിയിൽ വാങ്ങാൻ കപ്പ കിട്ടണമെങ്കിൽ ആരെങ്കിലും മണ്ണിൽ അതുണ്ടാക്കണ്ടേ?

അടുപ്പിച്ച് നട്ട തെങ്ങും പിഴച്ചുപോയ ആൺമക്കളും ഒരുപോലെയാണ് എന്നാണ് ചേക്കുട്ടിക്കയുടെ അഭിപ്രായം. വളർന്നുകഴിഞ്ഞാൽ വെട്ടിക്കളയാനും വയ്യ, വല്യ ഗുണവും ഉണ്ടാകില്ല!

എ.സി. റൂമിലെ തണുപ്പിനേക്കാൾ ഞാനിഷ്ടപ്പെടുന്നത് എന്റെ കൃഷിയിടത്തിലെ കുളിർമയാണ്. കാറ്റാണ്...

പന്തുകളി കമ്പക്കാർ യാത്രചെയ്യുമ്പോൾ ഗ്രൗണ്ട് കണ്ടാൽ നോക്കും. കാളപൂട്ട് കമ്പക്കാർ 'കണ്ട'ങ്ങൾ നോക്കും. ഞാൻ നോക്കാറുള്ളത് വയലുകളാണ്. ഓരോ ദിവസവും നമ്മുടെ വയലുകൾ ഇല്ലാതാവുകയാണ്. നെൽകൃഷി നഷ്ടമേയല്ല. നെൽകൃഷിയെന്നല്ല ഒരു കൃഷിയും നഷ്ടമല്ല. ചേക്കുട്ടിക്ക ഉറച്ച് പറയുന്നു. മനുഷ്യർ മാത്രമല്ല കാക്കയും പ്രാവും കുരുവിയും വാവലുമൊക്കെ കഷ്ടത്തിലാവുകയാണ് കൃഷി ഇല്ലാതാവുമ്പോൾ എന്ന് വേദനിക്കുന്ന ഈ കൃഷിക്കാരൻ വർത്തമാന കാലത്തെ അപൂർവ്വമായ നൻമകളിൽ ഒന്നാണ്.

പ്രസംഗത്തിന്റെയും ഉപചാരങ്ങളുടെയും വടിവുകളില്ലാതെ ഈ സാധാരണക്കാരൻ നിവർന്നു നിന്നു പറഞ്ഞത് ഏറ്റവും ഉജ്ജ്വലമായ വാക്കുകളായിരുന്നു. സമകാലിക ലോകം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന വാക്കുകൾ.

പരിപാടി കഴിഞ്ഞ് ഞാൻ ചേക്കുട്ടിക്കയുമായി അല്പനേരം സംസാരിച്ചു. ഏത് കൃഷി ശാസ്ത്രജ്ഞരെക്കാളും കാർഷികജ്ഞാനമുള്ള മനുഷ്യൻ.

ഞാൻ കേട്ട മഹത്തായ പ്രഭാഷണങ്ങളിൽ ഒന്ന് ചേക്കുട്ടിക്കയുടെ 'പ്രഭാഷണ'മാണെന്ന് ഉറപ്പിച്ചുപറയും.




*മഞ്ചേരി ലയൺസ് ക്ലബ്ബ് പ്രവർത്തകർ നൽകിയ സ്വീകരണത്തിൽ ചേക്കുട്ടിക്ക*

**നെൽകൃഷിയെന്നല്ല ഒരു കൃഷിയും നഷ്ടമല്ല. ചേക്കുട്ടിക്ക ഉറച്ച് പറയുന്നു. മനുഷ്യർ മാത്രമല്ല കാക്കയും പ്രാവും കുരുവിയും വാവലുമൊക്കെ കഷ്ടത്തിലാവുകയാണ് കൃഷി ഇല്ലാതാവുമ്പോൾ എന്ന് വേദനിക്കുന്ന ഈ കൃഷിക്കാരൻ വർത്തമാന കാലത്തെ അപൂർവ്വമായ നൻമകളിൽ ഒന്നാണ്.**





*വീട്ടിൽ സിറ്റൗട്ടിലെ കിളിക്കൂടും കിളിക്കുഞ്ഞും*

അനുഭവം

**വീട്ടിലെ ഗർഭിണി യായ ഗൃഹനായിക പുതിയ കുഞ്ഞിനെ കാത്തിരി ക്കുമ്പോൾ ആൾപെരുമാറ്റ മുള്ള കോലായിൽ കൂട് കൂട്ടി മുട്ടകളിട്ട് അടയിരുന്ന് പെൺകിളിയും കാത്തിരുന്നു..**

# .വീട്ടിൽ വന്നുകയറിയ കിളി പഠിപ്പിച്ച പാഠങ്ങൾ..

**ബിജു ജോൺ**

രണ്ട് മാസം മുമ്പാണ് വീട്ടിലെ സിറ്റൗട്ടിൽ ഒരു സൂചിമുഖി പക്ഷി കൈയ്യേറി കൂട് കൂട്ടിയത്. അനധികൃത കയ്യേറ്റമായി കണ്ട് കുടിയൊഴിപ്പിക്കാൻ വീട്ടിലെ കുട്ടികൾ ചില ശ്രമങ്ങൾ നടത്തി. പക്ഷി പക്ഷെ വിട്ടില്ല. ഒടുവിൽ പക്ഷിയുടെ ശ്രമം വിജയിച്ചു. കൂട്ടിൽ താമസമായി മുട്ടകളിട്ടു. മുട്ടകൾക്കുമേൽ ധ്യാനവും തുടങ്ങി. മറ്റൊരു യാദൃശ്ചികത കൂടി യുണ്ടായിരുന്നു. വീട്ടിലെ ഗൃഹനായികയും ഗർഭിണിയായി പുതിയ കുഞ്ഞിനെ കാത്തിരിക്കുകായിരുന്നു. അകത്തും പുറത്തും രണ്ട് അമ്മമാർ. വീട്ടിലെ അമ്മക്ക് നല്ല പരിചരണം. അടിക്കടി വൈദ്യപരിശോദനകൾ, സ്കാനിംഗ് പരീക്ഷണങ്ങൾ. സാധാരണ പെൺകിളി അടയിരിക്കുമ്പോൾ ആൺകിളിയേകൂടി കാണാറുള്ളതാണ്. ഇവിടെ ഇണയാൽ തിരസ്ക്കരിക്കപ്പെട്ട കിളിയാണെന്ന് തോന്നുന്നു പാവം അമ്മകിളിക്ക ്ആൺകിളിയുമില്ല കൂട്ടിന്. നല്ല ആൾപെരുമാറ്റമുള്ള കോലായിൽ യാതൊന്നും ശ്രദ്ധിക്കാതെ മേൽചുവരിലെ ഇരുമ്പുകൊളുത്തിൽ തൂങ്ങികിടക്കുന്ന കൂട്ടിൽ സ്വസ്ഥമായി കിളി കഴിഞ്ഞുവന്നു. സൂചിമുഖി പക്ഷികൾ പൊതുവേ ആൾപ്പെരുമാറ്റം ഇഷ്ടപ്പെടാറുണ്ട് എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. മനുഷ്യാവാസത്തോട് ചേർന്ന് കൂടുകൂട്ടുന്നതിന് ഈ പക്ഷിക്ക് ഇഷ്ടമാണത്രെ.

അങ്ങിനെയിരിക്കെ ഗൃഹനായികയ്ക്ക് പ്രസവമടുത്തപ്പോൾ സർവ്വസന്നാഹങ്ങളുമുള്ള ആശുപത്രിയില് ക്കി. കെങ്കേമമായി പ്രസവം നടന്നു. ആശുപത്രിവാസം കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴാണ് കണ്ടത് വീട്ടിലെ പക്ഷിപ്പെണ്ണിനും ഉണ്ടായി കുഞ്ഞ് - ഒന്നല്ല, രണ്ടണ്ണം. അകത്ത് പ്രസവപരിചരണങ്ങൾ പൊടിപാറി. വേത്കുളി, നാടിക്കഷായം, സുകുമാരകഷായം, ... ഇടക്കൊക്കെ കോലായിലെ പക്ഷികൂട്ടിലേക്കും കണ്ണുപായിച്ചു. പക്ഷികുഞ്ഞുങ്ങൾ രണ്ടിനും ചെറുതായി ചിറകുമുളച്ചുവരുന്നു. സോപ്പ്, ചീപ്പ്, പൗഡർ ഇത്യാദികളുമായി ആരും പാവങ്ങളെ കാണാൻ വരുന്നില്ല. തള്ളക്കിളി തൊട്ടടുത്തുള്ള പേരയിൽനിന്ന് നന്നായി പഴുത്ത പേരക്ക ശ്രദ്ധയോടെ നുള്ളി കുഞ്ഞുകളുടെ വായിലേക്ക് വെച്ചുകൊടുക്കുന്നു.വാ കീറിയ ദൈവം ചിതലിന്റെ രൂപത്തിലും ഭക്ഷണം കൊടുക്കുന്നതും കണ്ടു. മുകൾ ചുവരിൽ നിന്നും കൂട്ടിലേക്ക് ഇറങ്ങിയ ചിതലും കുഞ്ഞുങ്ങൾക്ക് ഭക്ഷണമായി. ഇടക്ക് കൂട്ടിലേക്ക് വന്ന് പാളിനോക്കി. കുഞ്ഞുങ്ങൾക്ക് ചിറകിന് കനം വെച്ച് തുടങ്ങുന്നു. അമ്മക്കിളി പെറ്റെഴുന്നേറ്റ് ജോലിക്കുപോയി തുടങ്ങി. അമ്മകിളിയുടെ ഉത്തരവാദിത്വങ്ങൾ തീരുന്നില്ല. പറക്കാൻ പഠിപ്പിച്ച് വലിയവരക്കണം. ഏത് പൂവിൽ നിന്നും സമർത്ഥമായി തേൻ ഊറ്റിയെടുക്കാൻ പഠിപ്പിക്കണം. വീടുകളിലെ മണവും ഗുണവുമില്ലാത്ത ചട്ടിചെടികളെ വിശ്വസിക്കരുതെന്ന് പറഞ്ഞ് പഠിപ്പിക്കണം. വർണ്ണങ്ങളുള്ളതെല്ലാം പൂക്കളല്ലെന്ന് പഠിപ്പിക്കണം. പഴയതുപോലെ പേടിക്കാൻ കാക്കകളും പരുന്തുകളും അധികമില്ലാത്തതിനാൽ ആശ്വാസമുണ്ട്.

വക മുൻകരുതലുകൾ പഠിപ്പിക്കണ്ടേല്ലോ. വിഷമടിച്ച പൂവും കായും ദൂരെനിന്നേ മണത്തറിയാൻ പഠിപ്പിക്കണം. ഒരു കണക്കിന് കിളികളാണ് ഭാഗ്യം ചെയ്തവരെന്ന് തോന്നി.

നമുക്കു ചുറ്റും കാണുന്ന ജീവികളെ ഒന്നു നിരീക്ഷിക്കൂ.എത്ര ലാഘവത്തോടെ,സ്വാഭാവികമായിട്ടാണ് അവർ ജീവിക്കുന്നത്..വീട്ടിൽ വന്നുകയറിയ കിളിയുടെ മുമ്പിൽ പോലും ചെറുതാവുന്നതുപോലെ തോന്നി.

---

ലിറ്റിൽ മാസിക ഈ ലക്കം വായിച്ചോ. നിങ്ങൾക്കും ഇതു പോലെ ചിലത് പറയാനുണ്ടാകുമോ ..അല്ലങ്കിൽ നിങ്ങൾ കണ്ടത്...പറഞ്ഞ് കേട്ടത്,,,വായിച്ചറിഞ്ഞത്... ദയവായി എഴുതുക....

**എഴുത്തുകാരോട്....**

കവിതയും കഥയും മാത്രമല്ല, അറിയപ്പെടാത്ത, എഴുതപ്പെടാത്ത ജീവിതാനുഭവങ്ങൾ അത് ഏറ്റവും ചെറിയ ജീവിതത്തെക്കുറിച്ചുമാവാം, ഏറ്റവും സാധാരണ ജീവിതാനുഭവത്തെക്കുറിച്ചുമാവാം.ഏത് ചെറിയ കാര്യവുമാകാം എഴുതി അയയ്ക്കൂ.ഫുക്കുവോക്ക കഥയും കവിതയും ഒന്നും എഴുതിയിട്ടില്ല . പക്ഷെ അദ്ധേഹമെഴുതിയ പ്രകൃതിയിലേക്കു മടങ്ങാൻ സമയമായി എന്ന പുസ്തകം കവിതയേക്കാൾ മനോഹരമാണ്. സതൃത്തിൽ അദ്ധേഹം സർഗ്ഗരചന നടത്തിയത് പച്ച മണ്ണിലാണ്.ആ അനുഭവങ്ങളെ അതേപടി പുസ്തകത്തിലേക്ക ്പകർത്തുക മാത്രമെ ചെയ്തിട്ടുള്ളു.അനുഭവങ്ങൾ അതുണ്ടാവുകയെന്നതാണ് പ്രധാനം. അനുഭവങ്ങൾ അത് എന്തെങ്കിലുമാവട്ടെ അതിന്റെ സത്യസന്ധതയും സ്വാഭാവികതയും എഴുത്തിൽ തെളിയുമ്പോൾ ഒരു ഡയറിക്കുറിപ്പു പോലും മഹാരചനയാകും

**ദയവായി എഴുതുക....**

***-ലിറ്റിൽ മാസിക പ്രവർത്തകർ***



മൂൺസ് ചന്ദ്രൻ അനുസ്മരണ പ്രഭാഷണം: സിവിക് ചന്ദ്രൻ

# രാഷ്ട്രീയത്തിൽ രാഷ്ട്രീയക്കാർക്കെന്തു കാര്യം രാഷ്ട്രീയക്കാരല്ലാത്തവർക്കെന്തു കാര്യം

**ജനാധിപത്യം ജനങ്ങളുടെ കാര്യമാണെങ്കിൽ അല്ലെങ്കിൽ ജനങ്ങളുടെ വിധി നിർണ്ണയിക്കുന്ന കാര്യമാണെങ്കിൽ അവിടെ രാഷ്ട്രീയക്കാരനെന്തു കാര്യം? അല്ലെങ്കിൽ അവിടെ രാഷ്ട്രീയക്കാരന് മാത്രമായി എന്തുകാര്യം?**

രാഷ്ട്രീയത്തിൽ രാഷ്ട്രീയക്കാർക്കല്ലാത്തവർക്ക് എന്തുകാര്യം എന്ന ചോദ്യം ഉയർന്നുവരുന്നത് അന്നഹസ്സാരയുടെയും മറ്റും നേതൃത്വത്തിൽ നടന്ന അഴിമതി വിരുദ്ധ കാമ്പയിനുകളുടെ പശ്ചാത്തലത്തിലാണ്. കേന്ദ്ര മന്ത്രിമാർ മുതൽ താഴെ തട്ടിലെ തെരുവു രാഷ്ട്രീയക്കാർ വരെ ചോദിക്കുന്നു: ഞങ്ങളെന്താ അൺസിവിൽ ആണോ? ഞങ്ങളെന്താ ജനങ്ങളെ പ്രതിനിധീകരിക്കുന്നില്ലേ? തെരഞ്ഞെടുപ്പിൽ മത്സരിക്കാത്ത നിങ്ങളാണോ ജനങ്ങളെ പ്രതിനിധീകരിക്കുന്നത്? ഈ ചോദ്യം പച്ചയായി ഇതാണ്: പൂച്ചയ്ക്കെന്താണ് പൊന്നുരുക്കുന്നിടത്ത് കാര്യം, തട്ടാൻ പൊന്നുരുക്കുന്നത് അല്ലെങ്കിൽ ആഭരണം പണിയുന്നത് പൂച്ചയുടെ മൂക്കുത്തി ആണെങ്കിൽ പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കല്ലാതെ മറ്റാർക്കാണ് കാര്യം? ജനാധിപത്യം ജനങ്ങളുടെ കാര്യമാണെങ്കിൽ അല്ലെങ്കിൽ ജനങ്ങളുടെ വിധി നിർണ്ണയിക്കുന്ന കാര്യമാണെങ്കിൽ അവിടെ രാഷ്ട്രീയക്കാരനെന്തു കാര്യം? അല്ലെങ്കിൽ അവിടെ രാഷ്ട്രീയക്കാരന് മാത്രമായി എന്തു കാര്യം? സത്യത്തിൽ രാഷ്ട്രീയത്തിൽ രാഷ്ട്രീയക്കാരനുള്ള സ്ഥാനം ഇത്രയേയുള്ളൂ-യുദ്ധത്തിൽ പട്ടാരക്കാരനുള്ള സ്ഥാനം. യുദ്ധത്തിൽ പട്ടാളക്കാരനുണ്ട്, അയാൾക്ക് മാന്യമായ ശമ്പളം കൊടുക്കുന്നുണ്ട്. എല്ലാ കാര്യത്തിലും പ്രത്യേക സ്ഥാനം പട്ടാളക്കാരനുണ്ട്. ഒരു വില്ലേജ് ഓഫീസറോ സ്കൂൾ അദ്ധ്യാപകനോ മരിക്കുന്നതുപോലല്ലല്ലോ യുദ്ധത്തിൽ പട്ടാളക്കാരൻ മരിച്ചാൽ. അങ്ങനെ പ്രത്യേക സ്ഥാനം പട്ടാളക്കാരനുണ്ട്. എന്നാൽ യുദ്ധം ചെയ്യുന്നത് പട്ടാളക്കാരനല്ല. എപ്പോൾ യുദ്ധം, എപ്പോൾ വെടി വെക്കണം, എവിടെ യുദ്ധം ചെയ്യണം ഇതൊന്നും തീരുമാനിക്കുന്നത് പട്ടാളക്കാരനല്ല. അതൊരു രാഷ്ട്രീയ നിർദേശമാണ്. ഈ ഒരു സ്ഥാനം- യുദ്ധത്തിൽ പട്ടാളക്കാരനുള്ള സ്ഥാനം മാത്രമേ ജനാധിപത്യത്തിൽ രാഷ്ട്രീയക്കാരനുള്ളൂ. രാഷ്ട്രീയം തൊഴിലായി സ്വീകരിച്ചവരെയാണ് നാം രാഷ്ട്രീയക്കാർ എന്ന് വിളിക്കുക. രാഷ്ട്രീയക്കാരനെ നാം തിരഞ്ഞെടുക്കുന്നത് ജനങ്ങൾക്ക് നേരിട്ട് രാഷ്ട്രീയത്തിൽ പ്രവർത്തിക്കാൻ കഴിയാത്തതിനാൽ നമ്മുടെ പ്രതിനിധികൾ എന്ന നിലയ്ക്കാണ്. നാം ഇതിനെ പ്രാതിനിധ്യ ജനാധിപത്യം എന്ന് പറയുന്നു. പാശ്ചാത്യ രാജ്യങ്ങളിലൊക്കെ ഈ പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പരിമിതികൾ മറികടക്കാൻ ഹിതപരിശോധനകൾ പോലെയുള്ള സംവിധാനങ്ങൾ ഉണ്ട്. അവിടെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ ഹിതപരിശോധന നടത്തുന്നു. പ്രത്യേകിച്ച് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ഉയർന്നുവരാത്ത ഒരു പ്രശ്നത്തിൽ തീരുമാനം എടുക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് അഥവാ പാർലമെന്റ് ജനകീയമായ ഒരു ഹിതപരിശോധന നടത്തുന്നു.

എന്നാൽ ഇവിടെ ഇന്ത്യ ആഗോളവൽക്കരണത്തിന്റെ റയിൽവേ പാളത്തിൽ നീണ്ട് നിവർന്നു കിടക്കുന്നത് ആരോട് ചോദിച്ചിട്ടാണ്? ആഗോളവൽക്കരണത്തിന്റെ ഭാഗമാവാൻ ഇന്ത്യ തീരുമാനിച്ചത് തെരഞ്ഞെടുപ്പു കാലത്തെ ഏതെങ്കിലും ഒരു ചർച്ചയുടെ ഭാഗമായിട്ടാണോ? അല്ല എന്ന് നമുക്കറിയാം.

ലോകബാങ്ക് ഉദ്യോഗസ്ഥനായ മൻമോഹൻ സിംഗിനെ ധനകാര്യമന്ത്രിയായി കെട്ടി എഴുന്നള്ളിച്ചു-അദ്ദേഹമാണ് ആഗോളവൽക്കരണത്തിന് സാഹചര്യമൊരുക്കിയത്. പിന്നീട് അദ്ദേഹം പ്രധാനമന്ത്രിയുമായി. ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പോലും മത്സരിച്ച് ജയിക്കാതെയാണ് ആഗോളവൽക്കരണത്തിന്റെ റയിൽവെ പാളത്തിൽ അദ്ദേഹം ഇന്ത്യയെ നീണ്ടുനിവർത്തിക്കിടത്തിയത്. അദ്ദേഹം രാജ്യസഭാംഗമാണ്. എന്തിനാണ് രാജ്യസഭ? പ്രാതിനിധ്യ ജനാധിപത്യത്തിൽ വേണ്ടത്ര പാതിനിധ്യം ഇല്ലാതെ വരുമ്പോൾ അതു പരിഹരിക്കാനാണ് രാജ്യസഭ. കവിയും കലാകാരനും ബുദ്ധിജീവിയും ശാസ്ത്രജ്ഞനും മറ്റും പാർലമെന്റിൽ ഇല്ലായെങ്കിൽ അത് ബാലൻസ് ചെയ്യാനാണ് രാജ്യസഭ. ആസ്സാംകാരനല്ലാത്ത അദ്ദേഹം അവിടെ വോട്ടർ ലിസ്റ്റിൽ പേര് ചേർക്കപ്പെട്ട് പിൻവാതിലിലൂടെ പാർലമെന്റിൽ പ്രവേശിച്ചാണ് നിർണ്ണായകമായ ഒരു കാലം രാജ്യത്തെ നയിച്ചത്.

പ്രാതിനിധ്യ ജനാധിപത്യത്തിൽ ജനങ്ങളുടെ പ്രശ്നം ഉന്നയിക്കപ്പെടാത്ത സന്ദർഭത്തിൽ അല്ലെങ്കിൽ തെരഞ്ഞെടുപ്പിൽ ഉന്നയിക്കപ്പെടാത്ത പ്രധാന വിഷയം വരുമ്പോഴാണ് പാശ്ചാത്യ രാജ്യങ്ങളിൽ ഹിതപരിശോധന നടത്തുന്നത്. അല്ലെങ്കിൽ തെരഞ്ഞെടുപ്പുകളെ ഹിതപരിശോധനയാക്കി മാറ്റണം. ഇവിടെ ഒരു തെരഞ്ഞെടുപ്പിലും ആഗോളവൽക്കരണം ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഭരണപക്ഷമോ പ്രതിപക്ഷമോ അത് ചർച്ചയാക്കിയുമില്ല. ഔപചാരിക ജനാധിപത്യം കേവലം ഔപചാരികമായി മാത്രം മാറുകയും പ്രാതിനിധ്യ ജനാധിപത്യം ജനങ്ങൾക്കെതിരാവുകയും, ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുകയും, ഒരു അനുഷ്ഠാനം പോലെ മാത്രം ജനങ്ങൾ പോളിംഗ് ബൂത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. ജനങ്ങളെ ബാധിക്കുന്ന പ്രധാന വിഷയങ്ങളിൽ ഒന്നിലും രാഷ്ട്രീയക്കാർക്ക് ഒരു അഭിപ്രായവ്യത്യാസവുമില്ല. ഇ.എം.എസ് മുതൽ എ.കെ ആന്റണി വരെയുള്ളവർ പറയുന്നത് ഞങ്ങൾ തമ്മിൽ വികസനത്തിന്റെ കാര്യത്തിൽ എന്ത് അഭിപ്രായവ്യത്യാസം എന്നാണ്. സത്യത്തിൽ വികസനത്തിന്റെ കാര്യത്തിലാണ് യഥാർത്ഥ അഭിപ്രായവ്യത്യാസമുണ്ടാവേണ്ടത്. വികസനം ആരുടെ ചിലവിൽ, ആർക്കുവേണ്ടി, ആര് വിലകൊടുക്കും ഇതാണ് പ്രധാന വിഷയം. പുതിയ റോഡുകൾ, എക്സ്പ്രസ് ഹൈവേകൾ വരേണ്ടത് പുതിയ കാർ കമ്പനിക്കാരുടെ ആവശ്യമാണ്.റോഡുകളുടെ കാര്യം തീരുമാനിക്കുന്നത് പലപ്പോഴും അവരാണ്.

*(2011 ജൂലൈ 8 ന് എടവണ്ണയിൽ നടന്ന അനുസ്മരണ പ്രഭാഷണത്തിന്റെ സംഗ്രഹം. അടുത്ത ലക്കത്തിൽ തുടരും)*

കവിത

# ശത്രു

സോമൻ കടലൂർ



ഒറ്റുകാരനാണവൻ
ഒറ്റവെട്ടിനുതീരണം
ഒച്ചയില്ലാതൊളിച്ചിരിക്കുന്നു ഞാൻ

ശത്രുവാണവൻ
മിത്രഭാവേന ചതിച്ചവൻ
രക്തകാലങ്ങളെ ഓർത്തിരിക്കുന്നു ഞാൻ

ആളനക്കം കേൾക്കുന്നു
ആഞ്ഞുവീശി ഞാൻ ആയുധം
ആവേശമാളുമ്പോഴും
ആകെത്തണുത്തിരിക്കുന്നു ഞാൻ

കുത്തുകൊണ്ടു പിടഞ്ഞുവീണ
ശത്രുവെതാങ്ങിയെടുക്കുമ്പോൾ
ഞെട്ടിപ്പോയിഞാ,നവനെൻ മുഖം
ചത്തിരിക്കുന്നു ഞാൻ

---

*ഒരു ബാല നോവൽ ....പേജ് 7 ൽ നിന്ന്...*


സ്മിത്തിനെ തീർത്തും സ്തബ്ധനാക്കുന്നുണ്ട്.
സ്വർണ്ണം ഖനനം ചെയ്യാനാണ് തങ്ങളിവിടെ വന്നതെന്ന് പറയുന്ന സ്മിത്തിനോട് മറ്റൊരിക്കൽ അതെന്താണെന്നവൾ ചോദിക്കുന്നുണ്ട്. തന്റെ കീശയിൽ നിന്നും ഒരു മഞ്ഞലോഹ നാണയമെടുത്ത് കൊടുക്കുമ്പോൾ പോകഹോണ്ടസ് അത് കടിച്ച് നോക്കിയ ശേഷം മരങ്ങൾക്കിടയിലൂടെ ദൂരേക്കെറിയുന്നുണ്ട്- ഒരു രുചിയുമില്ലാത്ത ഇതാണോ സ്വർണ്ണം എന്ന മറു ചോദ്യവും ചോദിച്ച്. പിന്നീട് അവൾ തന്റെ തോൽ സഞ്ചിയിൽ നിന്നും താൻ ശേഖരിച്ച ഒരു കമ്പക്കുല(Corn)യെടുത്ത് ആവരണം മാറ്റി തുടുത്തു നിൽക്കുന്ന കമ്പമണികൾ കാണിച്ച് ഇതാണ് ഇവിടെയുള്ള ഞങ്ങൾക്കറിയാവുന്ന സ്വർണ്ണം എന്ന് സ്മിത്തിനെ പുതിയൊരു പാഠം പഠിപ്പിക്കുന്നുണ്ട്.
ഇത്തരം തുടർച്ചയായ അധ്യായങ്ങളിലൂടെ മണ്ണിനെയും മനുഷ്യനെയുംകുറിച്ചുള്ള പുതിയപാഠങ്ങളിലൂടെ- പോകഹോണ്ടസ് എന്ന അപരിഷ്കൃത ഗ്രാമീണപെൺകുട്ടി പരിഷ്കാരിയും അധീശമനോഭാവമുള്ളവുനുമായ സ്മിത്തിനെ-യൂറോപ്പിനെ-തിരുത്തി പുതിയ ജീവന്റെ പാഠങ്ങൾ അഭ്യസിപ്പിക്കുന്നു. അവസാനം അയാൾ പറയുന്നുണ്ട് - നീയെന്നെ വല്ലാതെ മാറ്റികളഞ്ഞു. നിന്നെ കണ്ടില്ലായിരുന്നുവെങ്കിൽ ജീവൻ/ജീവിതം എത്രമാത്രം വിലപ്പെട്ടതാണെന്ന് ഞാനൊരിക്കലും തിരിച്ചറിയില്ലായിരുന്നു എന്ന്. ഇതാണ് ഈ ബാലനോവലിനെ മറ്റു സമകാലിക ബാലനോവലുകളിൽ നിന്ന് വ്യതിരിക്തമാക്കുന്നത്.
നോവലിന്റെ ബാക്കി ഭാഗങ്ങളിൽ ഗ്രാമവാസികളും കുടിയേറ്റക്കാരും തമ്മിൽ ഒരു യുദ്ധത്തിന്റെ വക്കിലെത്തുന്നുണ്ട്. തുടങ്ങാൻ പോകുന്ന യുദ്ധം ഇല്ലാതാക്കാൻ പോകഹോണ്ടസ് തന്റേതായ രീതിയിൽ ഇടപെടുന്നു. ജോൺസ്മിത്ത് രക്ഷപ്പെടുന്നു. ഇവരുടെ പ്രണയം പിന്നീട് ഇരുവിഭാഗങ്ങൾക്കുമിടയിലെ മൈത്രിയുടെ പ്രധാന കണ്ണിയാകുന്നു.

പോകഹോണ്ടസ് അവസാനം നോവലിന്റെ നായകത്വം ഏറ്റുവാങ്ങുന്നത് ഈ തീരുമാനത്തിലൂടെയാണ്- തന്റെ പ്രകൃതി പരിസരം വിട്ട് യൂറോപ്പിന്റെ സാംസ്കാരിക ഹർമ്മ്യത്തിലേക്ക് കുടിയേറില്ല എന്നിടത്ത്. സ്മിത്തിനോട് അവൾ പറയുന്നുണ്ട്- 'ഞാൻ നിന്റെകൂടെയുണ്ടാവും, എക്കാലവുംട എന്ന്. പക്ഷേ, നോവലറുതിയിൽ പ്രിയപ്പെട്ടവനേയും വഹിച്ച് കണ്ണിൽ നിന്ന് മറയുന്ന സൂസൻ കോൺസ്റ്റന്റിനെ മുത്തശ്ശി വില്ലോയുടെ നെറുകയിലിരുന്ന് വേദനയോടെ നിരീക്ഷിക്കുന്ന പോകഹോണ്ടസിനെയാണ് നാം കാണുന്നത്.
ഇങ്ങനെ ഈ നോവൽ നമ്മുടെ കാലത്തിന്റെ പ്രധാന സമാന്തര ജീവിത വീക്ഷണങ്ങളെ വായനയുടെ കേന്ദ്രത്തിലേക്ക് സ്ഥാപിക്കുന്നുണ്ട്. സിനിമയുടെ നോവൽ രൂപമെന്നതിലുപരി ഇതുൾക്കൊള്ളുന്ന ജീവിതാവബോധം വരുംകാലങ്ങളിലേക്കുള്ള വായനാവസന്തങ്ങൾ തീർക്കും. അത്തരം ഒരു പ്രതീക്ഷയുടെ വിത്ത് തീർച്ചയായും 75 പേജുള്ള ഈ പുസ്തകത്തിലുണ്ട്. ഇതിന്റെ ആദ്യപ്രസാധനം 1995 ൽ, മലേഷ്യയിലെ പെനെർബിറ്റൻ പെലാംഗി എസ്.ഡി.എൻ.ബി.എച്ച്.ഡി മലേഷ്യ എന്ന പ്രസിദ്ധീകരണ വിഭാഗമാണ്.


---

ഈശ്വരൻ സ്വർഗ്ഗത്തെയും ഭൂമിയേയും സൃഷ്ടിക്കയല്ല,മറിച്ച് ഭൂമി പിറന്ന് വീഴുകയും വയലേലകളിലെ പൂവുകൾ ഇതളിടുകയും അവയ്ക്ക് ചുറ്റും പൂമ്പാറ്റകൾ പാറിപ്പറക്കുക.യും പക്ഷികൾ പാടുക.യും ചെയ്തപ്പോൾ ഈശ്വരൻ ഇവിടെ പാർക്കാൻ എത്തുകയിയിരുന്നു എന്നാണ് എന്റെ അഭിപ്രായം

-ഫുക്കുവോക്ക



കാർട്ടൂൺ



നാജി അലിയുടെ ഒരു കാർട്ടൂൺ



നാജി അലി

# വരകളും മതിലുകളും

**വി.സി. അഭിലാഷ്**

**ഇസ്രായേലിന്റെ പാലസ്തീൻ അതിക്രമത്തിന്റെ രക്തസാക്ഷിയാണ് പാലസ്തീനിയായ കാർട്ടൂണിസ്റ്റ് നാജി അലി. നാജിയുടെ പിൻതലമുറക്കാരിയായ ഉമ്മയ്യ ജൂഹ എന്ന വനിതാ കാർട്ടൂണിസ്റ്റ് ഇപ്പോഴും ഒളിവിലിരുന്ന് ഇസ്രായേൽ വിരുദ്ധ കാർട്ടൂണുകൾ വരയ്ക്കുന്നു**

നമ്മുടെ നാട്ടിലെ കാർട്ടൂണിസ്റ്റുകളുടെ അരക്ഷിതാവസ്ഥ പ്രധാനപ്പെട്ടൊരു വിഷയമാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ എല്ലാക്കാലത്തും മറ്റേതൊരു കലയിലുമെന്നതുപോലെ കാർട്ടൂണിസ്റ്റുകൾക്കും പരിമിതികൾ ഉണ്ടായിരുന്നു. എന്നാൽ സത്യം സത്യമായി വരച്ചതിന്റെ പേരിലോ അധാർമിക സത്യങ്ങളെ വിമർശിച്ചതിന്റെ പേരിലോ ശിക്ഷിക്കപ്പെട്ട കാർട്ടൂണിസ്റ്റുകളും നിരവധിയാണ്.

ചരിത്രത്തിൽ ആദ്യമായി ഇങ്ങനെ വിമർശനവിധേയനായ കാർട്ടൂണിസ്റ്റ് ആരാണ് ? ഒരുപക്ഷേ 1830 ൽ ഫ്രാൻസിൽ പ്രസിദ്ധീകരണമാരംഭിച്ച ലാ കാരിക്കേച്ചറിന്റെ സൃഷ്ടാവും കാർട്ടൂണിസ്റ്റുമായ ചാൾസ് ഫിലിപ്പോണാവാം വരച്ചതിന്റെ പേരിൽ ആദ്യമായി കോടതികയറേണ്ടി വന്നത്. നർമ്മത്തിലൂടെ സാമൂഹിക അനീതികൾക്കെതിരെ പ്രതികരിച്ചിരുന്ന ഫിലിപ്പോൺ അതിന് ലാ കാരിക്കേച്ചറിനെ മാധ്യമമാക്കി. അന്നത്തെ ഫ്രഞ്ച് ഭരണാധികാരി ലൂയി ഫിലിപ്പിനെ പരിഹസിച്ചും വികൃതമാക്കിയുമാണ് വരച്ചതെന്നാണ് ഫിലിപ്പോണിനെതിരെ ചുമത്തപ്പെട്ട കുറ്റം. ഫിലിപ്പോണിന് ഏറെക്കാലം കോടതികയറിയിറങ്ങേണ്ടി വന്നു.

ഇസ്രായേലിന്റെ പാലസ്തീൻ അതിക്രമത്തിന്റെ രക്തസാക്ഷിയാണ് പാലസ്തീനിയായ കാർട്ടൂണിസ്റ്റ് നാജി അലി. 1985 ൽ തന്റെ പത്രസ്ഥാപനമായ അൽഖബാസിന്റെ ലണ്ടൻ ഓഫീസിൽ വച്ചാണ് ഇസ്രായേൽ പട്ടാളത്തിനാൽ നാജി കൊല്ലപ്പെട്ടത്. കുട്ടിക്കാലം മുതൽ അധിനിവേശ വിരുദ്ധനായ നാജി തന്റെ രാജ്യത്തിനുവേണ്ടി സ്വന്തം പേനയെ, വരയെ ആയുധമാക്കി. ലോകം മുഴുവൻ അലിയുടെ കാർട്ടൂണുകൾക്ക് ഖ്യാതി നേടാനായി. ഇന്നും പാലസ്തീനികൾ അലിയുടെ കാർട്ടൂണുകൾ പോസ്റ്ററുകളായും പ്ലഡ്ജുകളായും ഉപയോഗിക്കുന്നു.

നാജിയുടെ പിൻതലമുറക്കാരിയായ ഉമ്മയ്യ ജൂഹ എന്ന വനിതാ കാർട്ടൂണിസ്റ്റ് ഇപ്പോഴും ഒളിവിലിരുന്ന് ഇസ്രായേൽ വിരുദ്ധ കാർട്ടൂണുകൾ വരയ്ക്കുന്നു. ഇസ്രായേലികൾ കൊന്ന ഹമാസ് പോരാളിയായ ഭർത്താവിന്റെ കുഴിമാടത്തിലെ വാടിയ പൂവ് മേശപ്പുറത്ത് വച്ച് ഉമ്മയ്യ ഇസ്രയേൽ ഭീകരതയെ ചോദ്യം ചെയ്തു. സ്വാഭാവികമായും ഇസ്രായേലികളുടെ ഹിറ്റ്ലിസ്റ്റിലാണ് ഉമ്മയ്യയും.






ഉമ്മയ്യ ജൂഹയും ഒരു കാർട്ടൂണും

# വെച്ചുത്തി

**ഒ.പി. സുരേഷ്**

പലതരം മുറിവുകളുടെ സമൃദ്ധിയായിരുന്നു കുട്ടിക്കാലത്തിന്റെ ഒരു പ്രത്യേകത. കാലിലോ കയ്യിലോ നെഞ്ചിലോ എവിടെയെങ്കിലുമായി ഉണങ്ങാത്ത ഒരു മുറി(വ്) എപ്പോഴുമുണ്ടാവും. ഒരു മുറി ഉണങ്ങിവരുമ്പോഴേക്ക് മണ്ടിപ്പാച്ചിലിലോ മരംകേറ്റത്തിലോ അടുത്ത മുറിയെത്തും. 'കുരുത്തം കെട്ട ചെക്കൻ, എപ്പളുംണ്ടാവും ഇളിച്ചുകാട്ടുന്ന ഒരു മുറ്യേങ്കിലും' എന്ന് അമ്മമ്മ ഒച്ചയിടും. എത്ര സൂക്ഷിച്ചാലും എന്നും കാല് വെച്ചുത്തുന്ന കുട്ടി പതുങ്ങിയൊളിക്കും.

വേദനിപ്പിച്ച് കണ്ണീർ വീഴ്ത്തിയ ഒരു മുറി പോലും ഓർമ്മയിലില്ല. അല്ലെങ്കിൽ, ഓരോ മുറിയുടെ വേദനയ്ക്ക് പിന്നിലും അതിനേക്കാൾ വലിയ ആഹ്ലാദമുണ്ടായിരിക്കും. 'കാര്യ'മായ കളിയുടെ ആവേശത്തിമിർപ്പിനിടയിൽ എല്ലാ മുറികളും നിസ്സാരങ്ങളായി. മുതിർന്നവർക്കും 'കുരുത്തക്കേടി'നപ്പുറം അത് സാരമായി തോന്നിയില്ല. കമ്യൂണിസ്റ്റ് അപ്പയുടെ തീക്ഷ്ണമായ നീറ്റലിനെ അതിജീവിക്കാനാവാത്ത ഓരോ മുറിയും നിശ്ചിത ഇടവേളകളിൽ കരിഞ്ഞുകൊണ്ടിരുന്നു. (എങ്ങനെ വെട്ടി തീയിട്ടാലും പിന്നെയും തളിർക്കുന്ന കമ്യൂണിസ്റ്റ് അപ്പ ഇപ്പോൾ എവിടെയും കാണാറില്ല; മുറിവുകളുള്ള കാലുകളുമായി കുട്ടികളെയും.)

കാലിലെയും കൈയിലെയും മുറിപ്പാടുകളിലേക്ക് നോക്കിയിരിക്കുകയാണ് ഞാൻ. ഏറെ കാലുകളും സോക്സും ഷൂസുമിട്ടെങ്കിലും ഇനിയും മാഞ്ഞുപോകാത്ത മിനുസമുള്ള ഓർമ്മകൾ. അതിന്റെ നീറ്റലും പുകച്ചിലും അമർന്നടങ്ങിയ ആഹ്ലാദങ്ങളും!

മനസ്സെവിടെയോ വെച്ചുത്തി...



## പ്രതികരണം
## കുളം കുഴിച്ചവരുണ്ട്

'കുളം കുഴിച്ചവരുണ്ടോ?' (ലിറ്റിൽ മാസിക, ആഗസ്റ്റ് 2011) വായിച്ചു.

ഉണ്ട്- അത്തരത്തിലൊരു പദ്ധതിയിൽ അംഗമാകാൻ കഴിഞ്ഞതിലുള്ള അഭിമാനത്തോടെ പറയട്ടെ.

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ എട്ടിയോട് അയ്യപ്പ ക്ഷേത്രത്തിനു സമീപത്തെ സ്ഥലം മഞ്ചേരിയിലെ അഭയവരഹസ്ത ട്രസ്റ്റ് വാങ്ങിക്കുകയും 4 ലക്ഷത്തിലേറെ രൂപ ചിലവഴിച്ച് അതിൽ നല്ലൊരു കുളം കുഴിക്കുകയും ചെയ്തത് രണ്ടു വർഷം മുമ്പാണ്. ഏതു വേനലിലും ഒന്നര -രണ്ട് ആൾ ഉയരത്തിൽ (10-12 അടി) വെള്ളമുള്ള ഒരു കുളം. ഹൈന്ദവ വിശ്വാസ കാഴ്ചപ്പാടിൽ കാശിയ്ക്കു പോകുകയെന്നത് ജീവിതത്തിലെ ഏറ്റവും അനുഗ്രഹീതവും പുണ്യവുമായ സത്കർമ്മമായാണ് പരിഗണിക്കപ്പെട്ടിരുന്നത്. യാത്രാസൗകര്യങ്ങൾ ഏറെയുള്ള ഇക്കാലത്ത് അതിന് വലിയ ബുദ്ധിമുട്ടില്ലെങ്കിൽ പോലും ഇന്നും ഒട്ടേറെയാളുകൾ ഈ വിശ്വാസത്തിലുറച്ചുനിൽക്കുന്നു.

ഒരു കുളം കുഴിയ്ക്കുകയെന്നത് കാശിയാത്രയ്ക്കു തുല്യമാണ് എന്ന് അറിയുന്നത് - അത്രമാത്രം സൽകർമ്മമാണ് എന്ന ബോധം ഉരുത്തിരിഞ്ഞത് ഈ പ്രവർത്തനത്തിനിടയിലായിരുന്നു. അതിനെ ഒന്നുകൂടി അരക്കിട്ടുറപ്പിച്ചു ഷിനോ ജേക്കബ് കൂറ്റനാടിന്റെ കുളം കുഴിച്ചവരുണ്ടോ എന്ന കുറിപ്പ്

*-രാമചന്ദ്രൻ പാണ്ടിക്കാട്*

## വേണോ പരിസ്ഥിതി തീവ്രവാദം?

ഹരിതചിന്ത എന്ന തലക്കെട്ടോടെ ഷിനോ ജേക്കബ് എഴുതിയ കരയുന്ന മരം എന്ന കുറിപ്പും അതിനെ വിമർശിച്ചുകൊണ്ട് മാത്യു ജോർജ് പാണ്ടിക്കാട് എഴുതിയ കത്തുമാണ് ഈ കുറിപ്പിനാധാരം.

ആദ്യം തന്നെ ഒരു കാര്യം സൂചിപ്പിക്കട്ടെ. ആധുനിക മനുഷ്യനാവശ്യം പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാത്ത വികസനമാണ്. റബ്ബർ ബോർഡിന്റെ സബ്സിഡിയില്ലാത്ത ഇടയിലും അതിരുകളിലും ധാരാളം മരങ്ങൾ നിലനിർത്തിയിട്ടുള്ള എത്രയോ തോട്ടങ്ങൾ എന്റെ പ്രദേശത്ത് അതായത്, പാലക്കാട്ട് ധാരാളമുണ്ട്. റബ്ബർ ബോർഡുതന്നെ കുറേ മരങ്ങൾ നിലനിർത്താനും അനുവാദം തരുന്നുമുണ്ട്. ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ റബ്ബർ തോട്ടങ്ങൾ പുറകിലാണ് എന്നത് ശരിതന്നെയാണ്. ഒരു കാര്യ ചോദിക്കട്ടെ. റബ്ബർ ലോകത്തിന്റെ ഉപയോഗത്തിന് തികയാത്ത അവസ്ഥയാണുള്ളത്. ബാക്കി സിന്തറ്റിക്ക് റബ്ബറാണ് ഉപയോഗിക്കുന്നത്. അവമൂലമുണ്ടാകുന്ന ആഘാതത്തേക്കാൾ തുലോം കുറവല്ലേ പ്രതികരിച്ചയാൾ പറഞ്ഞുവെച്ച ദോഷഫലങ്ങൾ? ആദ്യത്തെ വർഷം വരുന്ന മണ്ണൊലിപ്പ് കഴിഞ്ഞാൽ റബ്ബർ തോട്ടങ്ങൾ തീർച്ചയായും മണ്ണു സംരംക്ഷണം തന്നെയാണ് നടത്തുന്നത്. ഗോൾഡൻ ടച്ചും എത്തിഫോണും ഉപയോഗിച്ച് ടാപ്പ് ചെയ്യുന്നവർ എത്രപേരുണ്ട്. റബ്ബർ കടുംവെട്ട് നടത്തുമ്പോൾ മാത്രമാണ് എത്തിഫോണുപയോഗിക്കുന്നത്. തെങ്ങിന് ഇടവിള പാടില്ലാ എന്നു പറഞ്ഞിരുന്ന കേരളത്തിലെ കർഷകർ അനുയോജ്യമായ ഇടവിളകളിലേക്ക് തിരിഞ്ഞിട്ട് കാലമേറെയായില്ലല്ലോ. റബ്ബർ ബോർഡു തന്നെ തണലിൽ വളരുന്ന ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നതിന് ധാരാളം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടല്ലോ. എറണാകുളത്തിന് തെക്കോട്ടുള്ള ഭാഗത്ത് വൻകിട തോട്ടങ്ങൾ ഒഴികെ എല്ലാം ഇടവിളകളാൽ (വൻ വൃക്ഷങ്ങൾ വരെ) സമൃദ്ധമാണ്. റബ്ബർ തോട്ടങ്ങളിൽ അനുയോജ്യമായ ഇടവിളകൾ നടപ്പാക്കുന്നതോടെ റബ്ബർ ബോർഡ് കൊടുക്കുന്ന സബ്സിഡിയേക്കാൾ കൂടുതൽ വരുമാനം കർഷകന് ലഭിക്കും എന്നുതന്നെയാണ് ഷിനോ ജേക്കബ് തന്റെ കുറിപ്പിലൂടെ ആഹ്വാനം ചെയ്യുന്നതും.

*-ഉണ്ണി മങ്ങാട്ട്, കൂറ്റനാട്*


## ലോ ഇന്നവേറ്റീവ് സെന്റർ



### അടിസ്ഥാന നിയമ പരിശീലനത്തിന അവസരം

നിയമം അറിഞ്ഞിരിക്കുക എന്നത് നിയമവാഴ്ച നിലവിലിരിക്കുന്ന ഏതു സമൂഹത്തിലേയും പൗരന്റെ കടമയാണ്. എന്നാൽ സാധാരണക്കാരന് നിയമം പഠിക്കാൻ അവസരങ്ങളില്ല. കാലികമായും, സർഗ്ഗാത്മകമായുമുള്ള അടിസ്ഥാന നിയമ പരിശീലനത്തിന ഏവർക്കും ഇതാ ഒരു അവസരം.

പ്രായം,വിദ്യാഭ്യാസം,തൊഴിൽ ഭേദമില്ലാതെ ആർക്കും പങ്കെടുക്കാം.

വിവരങ്ങൾക്ക് ബന്ധപ്പെടാം .

*ലോ ഇന്നവേറ്റീവ് സെന്ററിനു വേണ്ടി: ബിജു ജോൺ, അഡ്വക്കെറ്റ്, മഞ്ചേരി. ഫോൺ: 9946428284*



### ആവിയന്ത്രം

*35 രൂപ ലിറ്റിൽ മാസികയുടെ പേർക്ക് മണിയോർഡർ അയച്ചാൽ എം. പി. പ്രതീഷിന്റെ കവിതാ പുസ്തകം ആവിയന്ത്രം തപാലിൽ കിട്ടും.*

ലിറ്റിൽ മാസിക,
ചുങ്കത്തറ പി.ഒ., മലപ്പുറം




## നിങ്ങൾ വരിസംഖ്യ അയച്ചോ?


*പരസ്യമില്ലാതെ, ചില്ലറ വിൽപ്പനയില്ലാതെ ലിറ്റിൽ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത് കുറച്ചുപേരുടെ വരിസംഖ്യ ഒന്നിച്ചുകിട്ടുന്നതുകൊണ്ടാണ്. ഓരോ മാസവും കുറച്ചു പഴയ വരിക്കാർ വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ കണ്ടെത്തി തന്നും സഹായിച്ചാൽ മാസിക കൃത്യമായി പുറത്തിറങ്ങും. 100 രൂപ അയച്ചുതന്ന് വരിസംഖ്യ പുതുക്കിയും വരി ചേരാൻ തയ്യാറുള്ള രണ്ടുപേരുടെയെങ്കിലും വിലാസങ്ങൾ അയച്ചുതന്നും ദയവായി സഹായിക്കുഇന്നുതന്നെ പോസ്റ്റോഫീസ് സന്ദർശിക്കുക!*

Rs.10/-   Little Masika  September 2011  Reg No. RN67322 /94 NDelhi
Postal Reg.No.KL/MJI/82/2010-12

# നീലഗിരി ജൈവസംരക്ഷണ മണ്ഡലത്തിന് രജത ജൂബിലി

ജയപ്രകാശ് നിലമ്പൂർ





***തെക്കെ ഇന്ത്യയുടെ കാലാവസ്ഥയിലും ജലലഭ്യതയിലും കാർഷിക മേൻമകൾക്കും, സന്തുലിത ജീവിതത്തിനും, പാരിസ്ഥിതിക മേൻമകൾക്കും നിതാനമായ വിശാലവും ഹരിതാഭവുമായ നീലഗിരി ബയോസ്ഫിയർ റിസർവ്വിലെ മുഴുവൻ വനഭാഗങ്ങളുടെയും സംരക്ഷണം ഏറെ പ്രാധാന്യമുള്ളതാണ്***

പശ്ചിമഘട്ട മലനിരയിലെ ഏറ്റവും ഹരിതാഭമായ മേഖലയാണ് നീലഗിരി കുന്നുകൾ. ഉയർന്ന ഗിരിനിരകൾ, പതഞ്ഞൊഴുകുന്ന അസംഖ്യം അരുവികൾ, 4000 അടി മുതൽ 6000 അടി വരെ നിശിതമായി ചെരിവുള്ള ഭൂവിഭാഗം. 2500 മുതൽ 10,000 വരെ വാർഷിക വർഷപാതമുള്ള സവിശേഷ കാലാവസ്ഥയും ഭൂപ്രകൃതിയും ജൈവ ആവാസ വ്യവസ്ഥകളും നിബിഢ വനപ്രദേശങ്ങളും അനന്യമായി ജൈവസമ്പത്തും ഹരിത മനോഹാരിതകളും നിറഞ്ഞ നീലഗിരി മലനിരകളുടെ ഈ പ്രാധാന്യം മനസ്സിലാക്കാനാണ് 1986 ൽ ഈ മേഖലയുടെ സത്വര സംരക്ഷണത്തിനായി നീലഗിരി ജൈവസംരക്ഷണ മണ്ഡലത്തിന് രൂപം നൽകിയത്.

പശ്ചിമഘട്ട മലനിരയിൽ തുടർച്ചയായി ഏറ്റവുമധികം നിബിഢ വനഭാഗങ്ങളുള്ള നീലഗിരിയിലെ അപൂർവ്വ ജൈവവൈവിധ്യ സമ്പത്ത് സംരക്ഷിക്കാനായുള്ള പ്രവർത്തനങ്ങൾക്ക് കാൽ നൂറ്റാണ്ട് പൂർത്തിയായപ്പോഴും കാര്യക്ഷമമായ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് രൂപ ചിലവഴിക്കപ്പെട്ടിട്ടും ഒട്ടേറെ വനമേഖലകൾ പൂർണ്ണ നാശത്തിനിരയാവുകയും ഇപ്പോഴും നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാകുന്നത്. കർണ്ണാടക, തമിഴ്നാട്, കേരള സംസ്ഥാനങ്ങളിലായി 5520 ചതുരശ്ര കിലോമീറ്റർ വ്യാപ്തിയിലുള്ള ലോകത്തെ ഏറ്റവും പ്രാധാന്യമേറിയ ബയോസ്ഫിയർ റിസർവ്വുകളിലൊന്നായ നീലഗിരിയിൽ മാത്രം കണ്ടുവരുന്ന നിരവധി സസ്യ-ജീവ ജാതികളുണ്ട്. ബന്തിപ്പൂർ, മുതുമല കടുവാ സങ്കേതങ്ങളും, നാഗർഹോളെ, സൈലന്റ്‌വാലി നാഷണൽ പാർക്കുകളും മുക്കൂർത്തി, വയനാട് വന്യജീവി സങ്കേതങ്ങളും ഒട്ടേറെ മറ്റ് സംരക്ഷിത വനപ്രദേശങ്ങളുമുൾപ്പെടുന്ന ഇവിടുത്തെ ഹരിത സമൃദ്ധിയും ജലശേഖരങ്ങളും ജൈവവൈവിധ്യ സമ്പത്തും കാര്യക്ഷമമായി സംരക്ഷിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ ഇന്ന് സംസ്ഥാനങ്ങൾ നടത്തിവരുന്നുണ്ടെങ്കിലും പല മേഖലകളിലും വനം കയ്യേറ്റങ്ങളും വന്യജീവി നാശവും തുടരുന്നുണ്ടെന്ന് നീലഗിരി ഹെൽത്ത് വാച്ച് എന്ന സംഘടന ഈയിടെ നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നു.വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, വികസനത്തിന്റെ പേരിലുള്ളവകളുമായുള്ള വനവിരുദ്ധ നിർമ്മിതികൾ, ഖനനം, ടൂറിസം, കാട്ടുതീ, അനധികൃത ശേഖരങ്ങൾ, വന്യജീവി വേട്ട, വനം കയ്യേറ്റം എന്നിവ ഇപ്പോഴും ഈ മേഖലയ്ക്ക് കനത്ത ആഘാതങ്ങളുണ്ടാക്കുന്നുവെന്ന് പഠനസംഘം വ്യക്തമാക്കി.

ദക്ഷിണേന്ത്യയിലെ വളരെ വലിയൊരു ഭൂവിഭാഗത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഈ മേഖലയിൽ പടർന്ന ഏകവിള വൽക്കരണമാണ് വനനാശത്തിന് ഏറ്റവും കാരണമായത്. തേയില, റബ്ബർ, കാപ്പി, യൂക്കാലിപ്റ്റ്സ് തുടങ്ങിയ നാണ്യവിളകളുടെ വ്യാപനം വളരെയധികം നിബിഢ വനഭാഗങ്ങളെയാണ് ജൈവ ദരിദ്രമാക്കിയത്. മൂക്കുണ, പാർത്തീനിയം തുടങ്ങി നിരവധി വിദേശ ജനുസ്സുകളുടെ വ്യാപനം വനമേഖലകളിലെല്ലാം കടുത്ത വന വന്യജീവി നാശത്തിനിരയായിക്കൊണ്ടാണ് പടരുന്നത്. ലോകത്തെ ജൈവ ചോരണത്തിന്റെ ഏറ്റവും സജീവ മേഖലകളിലൊന്നായ ട്രാഫിക്-ഇൻഡ്യ രേഖപ്പെടുത്തിയിട്ടുള്ള നീലഗിരിയിൽ നിന്ന് അപൂർവ്വ ജനുസ്സുകളുടെ അനധികൃത ശേഖരണവും കടത്തലും നിർബാധം തുടർന്നുവരികയാണ്. ഇതിനായി ഈ മേഖലയിൽ കേന്ദ്ര-കാർഷിക പരിസ്ഥിതി വിദഗ്ധരുടെ പിൻബലത്തിൽ നിരവധി സ്ഥാപനങ്ങളും വൻകിട ലാബുകളും നിർബാധം പ്രവർത്തിച്ചുവരുന്നുണ്ട്.

വനത്തിനുള്ളിലെ അനധികൃത ഇടപെടലുകളും ഭക്ഷണ ലഭ്യതക്കുറവും മൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലിറങ്ങുന്നത് നീലഗിരി മേഖലയിലെമ്പാടും കർഷകരും വനംവകുപ്പും തമ്മിൽ നിരന്തര സംഘർഷങ്ങൾക്കും കാരണമായിരിക്കുന്നു. വനത്തിനുള്ളിലെ സ്വകാര്യ തോട്ടങ്ങൾ പലപ്പോഴും വന-വന്യജീവി ചൂഷണ താവളങ്ങളാകുന്നതും വനസംരക്ഷണത്തിന് വിഘാതമാകുന്നതായി വനപാലകർ പറയുന്നു. ഫീൽഡ് തലത്തിൽ മെച്ചപ്പെട്ട വനപരിപാലന സൗകര്യങ്ങളൊരുക്കാൻ മൂന്ന് സംസ്ഥാനങ്ങളിലെയും വനംവകുപ്പുകൾ നിരന്തരം പരാജയപ്പെടുന്ന സാഹചര്യത്തിൽ പൊതുജന പങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമായ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകണമെന്നാണ് കേന്ദ്ര ടാസ്ക് ഫോഴ്സ് വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ളത്. തെക്കെ ഇന്ത്യയുടെ കാലാവസ്ഥയിലും ജലലഭ്യതയിലും കാർഷിക മേൻമകൾക്കും, സന്തുലിത ജീവിതത്തിനും, പാരിസ്ഥിതിക മേൻമകൾക്കും നിതാനമായ വിശാലവും ഹരിതാഭവുമായ നീലഗിരി ബയോസ്ഫിയർ റിസർവ്വിലെ മുഴുവൻ വനഭാഗങ്ങളുടെയും സംരക്ഷണം ഏറെ പ്രാധാന്യമുള്ളതാണ് എന്ന തിരിച്ചറിവിൽ മൂന്ന് സംസ്ഥാനങ്ങളുടെയും കൂട്ടായ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൂട്ടായ പ്രവർത്തനങ്ങളും പരിരക്ഷണ പ്രവർത്തകരുടെ കൂട്ടായ്മകളും രൂപപ്പെടേണ്ടതുണ്ട്. വനത്തിനു ചുറ്റും ജനകീയ മതിലുകൾ ഇതിനായി ഉയർത്തേണ്ടതുണ്ട്. നീലഗിരി ജൈവ മണ്ഡലത്തിന്റെ ഇരുപത്തഞ്ചാം വർഷത്തിൽ ഈ വഴിക്കായുള്ള ആശാവഹമായ നീക്കങ്ങൾക്ക് വനസംരക്ഷണ പ്രവർത്തകർ ഉറ്റുനോക്കുന്നു.

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.